# വിഷയവിചാരം


1. ഇനിയെങ്കിലും ഉണരുമോ?

2 ജീവിതനൃത്തം

— ജി. ശങ്കരക്കുറുപ്പ്.

3. ഇന്ത്യയും സോഷ്യലിസവും

— വിദ്വാൻ സി. എസ്സ്. നായർ.

4. വിപ്ലവപ്ലവം

— വി. കൊച്ചുകൃഷ്ണൻനായർ.

5. വിശ്വവിമർശം

— പ്രൊഫസർ എ. ഐൻസ്റ്റീൻ.

6. പ്രതിധ്വനി

ലോകത്തിൽ കവികളുടെ ആവശ്യം—'ശാസ്ത്രജ്ഞന്മാർ ലോകത്തെ ഭരിക്കട്ടെ'—ഭാരതീയ സംഗീതവും ഹാർമ്മോണിയവും.

7. ഗ്രന്ഥവിഹാരം

(i) ഞാൻ കണ്ട യൂറോപ്പ്—മിസിസ് കുട്ടൻനായർ.

(ii) നവ്യോപഹാരം—കുററിപ്പുറത്തു കേശവൻനായർ.

— ജി.

13 AUG. 1936

# കൈരളി

പുസ്തകം ൨൧. | ൧൧൧൧ മിഥുനം. | ലക്കം ൯.

## ഇനിയെങ്കിലും ഉണരുമോ?

‘അനുഭവം മനുഷ്യന്റെ മങ്ങിയ വിവേകത്തെ തെളിയിക്കുന്നു’ എന്ന പരമാൎത്ഥം കേരളീയഭാഷാഭിമാനികളേയും സംബന്ധിക്കുന്നതാണെങ്കിൽ, മധുരസ്വരനും വാസനാപൂൎണ്ണനുമായിരുന്ന ഇടപ്പള്ളി രാഘവൻ പിള്ളയുടെ അതിദയനീയമായ ആത്മഹത്യ അവരുടെ ഹൃദയത്തിൽ ഉളവാക്കിയ ചലനം നിഷ്ഫലമായി പരിണമിക്കുകയില്ല. ആരും സ്നേഹിക്കാത്ത ആത്മജീവിതത്തെ വലിച്ചെറിഞ്ഞ്, ആരേയും സ്നേഹിക്കുന്ന മൃത്യുവിനെ ആലിംഗനം ചെയ്യുവാൻ അഭിമാനിയായ ആ യുവാവിനെ പ്രേരിപ്പിച്ച മനോഭാവം, താഴെ ഉദ്ധരിക്കുന്ന വാക്യത്തിൽ കളിച്ചിരിക്കുന്നുണ്ട് എന്നു ഞങ്ങൾ വിചാരിക്കുന്നു: ‘സ്വാതന്ത്ര്യത്തിന്നു കൊതി: പാരതന്ത്ര്യത്തിന്നു വിധി.’ നിരാഡംബരമെങ്കിലും സ്വതന്ത്രവും മാന്യവുമായ ഒരു ജീവിതം നയിക്കുന്നതിന്നു് അനുകൂലമായ ഒരു നില കേരളസാഹിത്യസേവനംകൊണ്ടു പ്രാപ്യമല്ലെന്ന അനുകമ്പനീയമായ വാസ്തവമാണ് സ്വന്തം ജീവരക്തത്താൽ ‘ഇടപ്പള്ളി’ കുറിച്ചിട്ടുപോയതു്. ആ ചുവന്ന ഭയങ്കരാക്ഷരങ്ങളിൽ മറെറാന്നും കാണുന്നില്ല.

* * * *

ലോകജീവിതത്തിന്റെ വലയിൽനിന്നു പെട്ടെന്നു പറന്നുപോയ ആ നിൎമ്മലാത്മാവിന്റെ ഗാനത്തോട്, ദൃഢരൂഢമായ പൂൎവ്വാഭിപ്രായവും നിഗൂഢമായ ദുരഭിമാനവും എത്രമാത്രം അപരാധം പ്രവൎത്തിച്ചിട്ടുണ്ടെന്നു് ‘മാതൃഭൂമി’യുടെ ആഴ്ചപ്പതിപ്പിൽ ഒരു ലേഖകൻ പ്രദൎശി

പ്പിച്ചിരുന്ന വ്യസനം തന്നെ വ്യക്തമാകുന്നുണ്ടു്. പരേതനായ രാഘവൻ പിള്ളയുടെ, 'മൃത്യുവും പൊട്ടിക്കരഞ്ഞിരിക്കു'വാനിടയുള്ള, ആ ദയനീയ സാഹസം തന്നെ വേണ്ടിവന്നു ആ സാഹിത്യരസികന്റെ കണ്ണുകളെ 'തുഷാരഹാര'ത്തിലേയ്ക്കു് ഒന്നു് ആകർഷിക്കുവാൻ! കേരളമേ നിന്റെ സഹൃദയന്മാർ അന്യാദൃശന്മാർ തന്നെ!

*　　　　*　　　　*　　　　*

'ലോകശാസ്ത്രകാവ്യാദ്യവേക്ഷണ'ജന്യമായ പരിപൂർണ്ണനൈപുണ്യം 'തുഷാരഹാര'കർത്താവിനു് ഉണ്ടായിരുന്നില്ല. അദ്ദേഹത്തിന്നു അത്രയേ പ്രായവുമായിരുന്നുള്ളു. എന്നാൽ സഹജമായ 'ശക്തി' പ്രകൃതിയുടെ 'അനുഗ്രഹ'മാണെങ്കിൽ, രാഘവൻ പിള്ള ആ ദേവിയുടെ ആനുകൂല്യത്തിന്നു പാത്രമായിരുന്നു; നിശ്ചയം തന്നെ. അതു വികസിക്കുവാൻ സഹായമായ ഒരു പരിതഃസ്ഥിതി സമ്പാദിച്ചു കൊടുക്കേണ്ടതു് സമുദായത്തിന്റെ കർത്തവ്യമായിരുന്നു. പ്രകൃതിയുടെ ദുർല്ലഭങ്ങളായ അനുഗ്രഹങ്ങളെ ചവിട്ടിത്തേയ്ക്കുന്ന രാഷ്ട്രത്തോടു് അവൾ പകരം വീട്ടുമെന്ന ഭയങ്കരസത്യം മറക്കാവുന്നതല്ല. പക്ഷപാതമല്ല സാഹിത്യമാനദണ്ഡമെന്നും, ശകാരമല്ലാ ധീരമായ നിരൂപണമെന്നും, അവജ്ഞയല്ലാ കലാസേവനത്തിന്നു വിവേകമുള്ള സമുദായം നൽകുന്ന പ്രതിഫലമെന്നും, ഗ്രഹിച്ചിരിക്കേണ്ടതാണു്.

*　　　　*　　　　*　　　　*

ദരിദ്രമായ കേരളത്തിൽ മാത്രമല്ല, സമ്പൽസമൃദ്ധമായ അമേരിക്കയിൽ പോലും നിർദ്ധനന്മാരായ കവികളുടെ— സാമുദായികപദവികൊണ്ടല്ലാതെ സ്വശക്തികൊണ്ടു കവികളായ ഭാവനാശാലികളുടെ— അവസ്ഥ അതിശോചനീയമാണെന്നു കാണുന്നു. അവിടത്തെ സഹൃദയസമ്മതന്മാരായ ചില വിശിഷ്ട കവികൾ, ദേഹത്തിൽ ചിരിക്കുവാൻ ചുരുങ്ങിയ ഒരു നികുതിയെങ്കിലും ആത്മാവു നൽകേണ്ടതുകൊണ്ടു്, പാതയടിച്ചുവാരുക, തീപ്പെട്ടികൊണ്ടുനടന്നു വിൽക്കുക, മുതലായ ജോലികൾ ചെയ്താണു് അതിനുള്ള വക സമ്പാദിച്ചുവരുന്നതു്. ജീവിതത്തിന്റെ മാർഗ്ഗം ശുദ്ധമാക്കുകയും ജീവിതാന്തരീക്ഷം ഭാസുരമാക്കുകയും ചെയ്യുന്ന ആ സൗന്ദര്യാരാധകന്മാരുടെ കൃതികൾ വിഗണിക്കപ്പെടുകയും ചെയ്യുന്നു. എങ്കിലും നമ്മുടെ സാഹിത്യസംരക്ഷകന്മാരെയും ഭാഷാപരിപോഷകന്മാരെയും പോലെയല്ലാ ആ അനുഗൃഹീതരാഷ്ട്രത്തിലെ സകല കലാകുതുകികളും. കവിതാദേവിയുടെ കടാക്ഷത്തിന്നു വിഷയമായ

സാഹിത്യകാരന്മാരെ പ്രോത്സാഹിപ്പിക്കുന്നതിന്ന് അടുത്ത കാലത്ത് അവിടെ 'Academy of American poets' എന്നൊരു സ്ഥാപനം ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കലാമന്ദിരത്തിൽ കവികൾക്കു സമ്മേളിക്കാം; ഉത്തമഗ്രന്ഥങ്ങളുമായി സഹവസിക്കാം; സാഹിത്യപരിശ്രമത്തിനാൽ തന്നെ ഉപജീവിക്കാം. കവിതാകുതുകികളായ 'മന്ദിര' പ്രതിഷ്ഠാപകർ ഒരു വലിയ തുക അവരെ സഹായിക്കുവാൻ സംഭരിച്ചിട്ടുണ്ട്.

* * * *

'അക്കാഡമി' സ്ഥാപിച്ച സഹൃദയാഗ്രിമ ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു:—

"ലോകചരിത്രത്തിൽ ശാശ്വതപ്രതിഷ്ഠ സമ്പാദിച്ചിട്ടുള്ള രാഷ്ട്രങ്ങൾ ശാസ്ത്രത്തെപ്പോലെ തന്നെ കലയേയും പോഷിപ്പിക്കുകയും രക്ഷിക്കുകയും ചെയ്യിട്ടുണ്ട്. ഒരുത്തമസമുദായം ശാസ്ത്രസിദ്ധമായ ജ്ഞാനവും പ്രാകൃതിക വിജയവും കൊണ്ടു മാത്രം അഭിവൃദ്ധി പ്രാപിക്കുന്നില്ല; ലാവണ്യാത്മകങ്ങളായ കലകളുടെ വ്യാപാരവും അനുഭൂതിയുംകൊണ്ട് ഉളവാകുന്ന ഏകീഭവനശക്തിയും പ്രചോദനവും വികാരദീപ്തിയും കൂടി അതിന്നു് അത്യാവശ്യമാകുന്നു. ലളിതകലകളിൽ വിശിഷ്ടമായ ഒന്നാണു കവിതയെന്നു ആരും സമ്മതിക്കും. * * * ശാസ്ത്രജ്ഞനും, ചിത്രകാരനും ശില്പിക്കും നാടകകൃത്തിനും സൗജന്യസംഭാവന ലഭിക്കുന്നുണ്ട്— കവിക്കു് മാത്രം പൂജ്യം! * * * ഈ ദയനീയാവസ്ഥ പരിഹരിക്കുവാനാണ് ഞങ്ങൾ ഉദ്യമിക്കുന്നതു്."

പാശ്ചാത്യരാജ്യങ്ങളെ, ഈദൃശങ്ങളായ ഉത്തമ പ്രവൃത്തികളിൽ അനുകരിക്കുവാൻ ഉള്ള ആഗ്രഹം നമ്മുടെ നാടിനുണ്ടായെങ്കിൽ!

* * * *

'അമേരിക്കൻ അക്കാഡമി'യെ അനുകരിച്ച്, ഒരു നല്ല മാസികഗ്രന്ഥം തുടങ്ങുന്നതിന്നും, അതു് ആദായകരമായ നിലയിൽ നടത്തുവാൻ ഉള്ള മാർഗ്ഗങ്ങൾ കണ്ടുപിടിക്കുന്നതിനും, ഒരു 'പ്രസാധകസംഘം' ആണ് ആദ്യം ഉണ്ടാകേണ്ടതു്. ദാരിദ്ര്യം മാറുന്നതുവരെ കലകൾ വേണ്ട എന്ന സിദ്ധാന്തം വിവേകത്തിൻെറ സന്താനമല്ലതന്നെ. കേരളത്തിലെ സാധാരണജനമണ്ഡലത്തിൽക്കൂടി ലാവണ്യാത്മകകലകളുടെ പ്രകാശം പ്രസരിക്കേണ്ടതാകുന്നു. എന്നാൽ അതിൻെറ ഉൽപ്പത്തിസ്ഥാനങ്ങളായ തേജസ്സുകൾ ആത്മഹത്യ ചെയ്യുന്നതിന്നു് സന്ദർഭമുണ്ടാകുന്നതല്ല.

# ജീവിതനൃത്തം.

— ജി. ശങ്കരക്കുറുപ്പ്.

ജീവിതമേ, സമുല്ലസിച്ചീടുക
നീ വിടൎന്നു കണ്ണീരിലാകിലും!

ഹാ, മുഴുകാസ്സധോമുഖമായതിൽ:
നീ മുദിതമുഖമുയൎന്നിടുക!

ലോലമായ പ്രകാശമാം പൂമ്പട്ടു
മേലണിഞ്ഞതഴഞ്ഞുലഞ്ഞങ്ങനെ

എന്തിനാണെന്നറിയാത്തൊരാനന്ദ-
മേന്തിടുന്ന കരളുമായ് ഗോളങ്ങൾ

ഗാനം ചെയ്തു മധുരമുഖരമാം
വാനംതന്നിൽ മതിമറന്നാടവേ,

ഈ യകാരണകണ്ണീരിൽ മിഥ്യതൻ-
ഛായ നോക്കി വിളറിക്കളകയോ?

മത്തമായതിന്നോളത്തിലുന്മുഖം
നൃത്തമാടുക ഫുല്ലസൗന്ദൎയ്യമേ!

സുന്ദരം ജീവനൎത്തനം, മാനസ-
സ്പന്ദതാളം പിഴയ്ക്കാതിരിക്കുകിൽ.

---

---

# ഇന്ത്യയും സോഷ്യലിസവും.

—വിദ്വാൻ സി. എസ്സ്. നായർ.

സോഷ്യലിസം അല്ലെങ്കിൽ സ്ഥിതിസമത്വവാദം ഇന്നു ലോകത്തിൽ ശക്തിയായി പടന്നുപിടിച്ചുവരുന്ന ഒരു പ്രസ്ഥാനമാണ്. നിങ്ങൾ ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും, അതു നിങ്ങളുടെ ബുദ്ധിശക്തിയെ വാതിൽക്കൽ വന്നുമുട്ടി വിളിച്ചുണൎത്തുന്നു; നിങ്ങളുടെ ജീവിതത്തേയും, നിങ്ങളുടെ ചുററുപാടുമുള്ള ലോകത്തേയും സ്പൎശിക്കുന്ന പല പ്രമേയങ്ങളേയും അതു നിങ്ങളുടെ ചിന്തയ്ക്കുമുമ്പിൽ കൊണ്ടുവന്നു നിൎത്തുന്നു. നിങ്ങൾ നിവൃത്തിമാൎഗ്ഗം കാണ്മാൻ തിടുക്കപ്പെടുന്ന പല വിഷമപ്രമേയങ്ങൾക്കും സ്വയം കണ്ടുപിടിച്ച നിവൃത്തിമാൎഗ്ഗങ്ങളെ അതു നിങ്ങൾക്കു ചൂണ്ടിക്കാണിച്ചുതരുന്നു.

സോഷ്യലിസം, ലോകചരിത്രത്തെ ശക്തരും അശക്തരും തമ്മിലുള്ള ഒരു സമരമായിട്ടാണു, വ്യാഖ്യാനിക്കുന്നതു്. മനുഷ്യനിൎമ്മിതങ്ങളായ എല്ലാ ഏൎപ്പാടുകളുടേയും അടിയിൽ കിടക്കുന്നതു്, സാമ്പത്തികമായ മൂലോപാധിയാണെന്നും ജീവിതസന്ധാരണത്തിന്നത്യാവശ്യമായ ധനം സമ്പാദിക്കുന്നതിനുള്ള മാൎഗ്ഗങ്ങൾ എല്ലാവൎക്കും ഒരുപോലെ ലഭിക്കുവാൻ നിവൃത്തിയില്ലാതെയാക്കിത്തീൎത്തിട്ടുള്ള സാമുദായികഘടനയാണു ലോകത്തിൽ, ധനികന്മാരെന്നും ദരിദ്രന്മാരെന്നും രണ്ടു വൎഗ്ഗക്കാരെ സൃഷ്ടിച്ചു്, ഒരിക്കലും കെടുങ്ങാത്ത അനൎത്ഥങ്ങൾ ഉണ്ടാക്കിത്തീൎത്തിട്ടുള്ളതെന്നും, സമുദായാംഗങ്ങളായ സകല വ്യക്തികൾക്കും സമമായ നിലയിൽ സമ്പത്തിൻെറ ഉൽപാദനവിതരണങ്ങൾ സാധ്യമാകുന്നവിധത്തിൽ സമുദായഘടനയെ ഉടച്ചുവാൎത്താൽ മാത്രമേ ലോകത്തിൽനിന്നു ദാരിദ്ര്യവും കഷ്ടപ്പാടും നീങ്ങുകയുള്ളു എന്നും, സോഷ്യലിസം സിദ്ധാന്തിക്കുന്നു.

സോഷ്യലിസത്തിൻെറ ഭക്തന്മാർ പറയുമ്പോലെ, സോഷ്യലിസം ലോകത്തെ ബാധിച്ചിട്ടുള്ള സൎവ്വരോഗങ്ങൾക്കും ശമനകരമായിട്ടുള്ള ഒരു സിദ്ധൌഷധമാണോ എന്ന സംഗതി ഭാവിയാണു തീൎച്ചപ്പെടുത്തേണ്ടതു്. സമുദായത്തെ പുതിയ ഒരു മൂലോപാധിയിന്മേൽ പുനഃസംഘടനം ചെയ്തുനോക്കുന്ന ഒരു പരീക്ഷാവിധി മാത്രമാണ് അതു്, പരീക്ഷിച്ചുനോക്കിയേടത്തോളം റഷ്യയിൽ, അതു പലവിധത്തിലും ഗുണപ്രദമായി ഫലിച്ചിട്ടുണ്ടെന്നുള്ളതിനു സംശയമില്ല. 1917-ലെ വിപ്ലവത്തിനുശേഷം സ്ഥാപിതമായ സോഷ്യലിസ്റ്റ് ഗവൎമ്മേൻറ്, സോഷ്യലിസ

ത്തിന്റെ മൂലതത്വങ്ങൾ അനുസരിച്ച്, രഷ്യയിൽ ധനോല്പാദനവിതരണങ്ങളെ ക്രമപ്പെടുത്തിയതുമൂലം ഉണ്ടായിത്തീൎന്ന ഗുണങ്ങൾ ആരും അപലപിയ്ക്കുവാൻ സാധിക്കുന്നതല്ല. റഷ്യയിൽ ജന്മിത്വവും മുതലാളിത്വവും നശിപ്പിച്ച്, കൃഷികന്മാൎക്കും തൊഴിലാളികൾക്കും പൊറുതിയുണ്ടാക്കിത്തീൎത്തു സോവിയററ ഗവൎമ്മേൻറിന്റെ ഗണനീയമായ ഒരു നേട്ടമാണ്. സോഷ്യലിസത്തിന്റെ ആദൎശങ്ങൾക്കു യോജിച്ച ഒരു വിദ്യാഭ്യാസപദ്ധതി നടപ്പാക്കി, ജനങ്ങളുടെ ഇടയിൽനിന്ന് അജ്ഞതയും അന്ധവിശ്വാസവും അകററിക്കളയുവാൻ സോവിയററ ഗവൎമ്മേൻറ ചെയ്യു ശ്രമങ്ങൾ, സ്തുത്യൎഹങ്ങളായിരിക്കുന്നുണ്ട്. വിപ്ലവത്തിനുശേഷം, സോഷ്യലിസ്റ്റ് ഭരണത്തിന്റെ കീഴിൽ വിദ്യാഭ്യാസത്തിലും വ്യവസായത്തിലും റഷ്യയ്ക്കുണ്ടായിട്ടുള്ള പുരോഗതി അത്ഭുതകരമാണെന്നാണു പറയപ്പെടുന്നതു്. സോഷ്യലിസത്തിന്റെ പക്ഷക്കാർ പറയുന്നതിൽ അതിശയോക്തിക്കുള്ള വങ്ക് കട്ടം കിഴിക്കേണ്ടതില്ലെങ്കിൽ സോവിയററ റഷ്യയിൽ ഇന്നു വിശപ്പുകടന്ന വയറം ഇരുളടഞ്ഞ ഹൃദയവും കേവലം ഇല്ലെന്നു പറയാം.

ലോകത്തിൽ മുതലാളിരാജ്യങ്ങളെല്ലാം കൊടുതായ സാമ്പത്തികാധഃപതനംകൊണ്ടു കുഴങ്ങിക്കൊണ്ടിരുന്നപ്പോൾ, തൊഴിലാളിരാജ്യമായ റഷ്യമാത്രം യാതൊരു കുഴപ്പവുംകൂടാതെ ധനസ്ഥിതിയിൽ അഭിവൃദ്ധിപ്പെട്ടുംകൊണ്ടുവന്നു. മുതലാളി രാജ്യങ്ങളിൽ ധനോൽപാദനവിതരണങ്ങളിലുള്ള ക്രമക്കേടാണു വലുതായ സാമ്പത്തികാധഃപതനം ഉണ്ടാക്കിത്തീൎത്തു്. സോവിയററ റഷ്യയിൽ ആകട്ടേ, അവ രണ്ടും വേണ്ടതുപോലെ നിയന്ത്രിക്കപ്പെടുന്നതിനാൽ, അന്യരാജ്യങ്ങളെ ബാധിച്ച സമ്പൽക്ഷയം അവിടെ കടന്നുകൂടുവാൻ ഇടയായില്ല.

റഷ്യയിൽ സോഷ്യലിസത്തിന്നുണ്ടായ ഈ വിജയം അതിന്റെ ബദ്ധവിരോധികൾക്കുകൂടി നിഷേധിക്കുവാൻ സാധിക്കുന്നതല്ല. പക്ഷേ, അത്രയുംകൊണ്ടുമാത്രം അതിനു മററുള്ളരാജ്യങ്ങളിലും അതുപോലെയുള്ള വിജയം സിദ്ധിക്കുമെന്നു വിചാരിക്കുവാൻ നിവൃത്തിയില്ല. റഷ്യയിൽ തന്നെയും സോഷ്യലിസം ഇപ്പോൾ ഏട്ടിൽക്കാണുന്ന മാതിരിയിലല്ല പയററിൽ. സോഷ്യലിസത്തിന്റെ സിദ്ധാന്തപ്രകാരം രാജ്യത്തിൽ ഒരു വ്യക്തിക്കും സ്വകാൎയ്യസ്വത്തുണ്ടായിരിക്കുവാൻ പാടില്ലാത്തതുകൊണ്ട് സോവിയററഗവൎമ്മേൻറ്, വ്യക്തികളിൽനിന്നു ഭൂസ്വത്തുമുതലായ സകലസ്വത്തുക്കളും ബലമായി പിടിച്ചടക്കി, സമുദായ

ത്തിൻെറ പൊതുസ്വത്താക്കിത്തീക്കുകയുണ്ടായി. കൃഷി ചെയ്യുന്നതിനായി ഗവമ്മേൻറ കൃഷിക്കാക്കു വീതിച്ചുകൊടുത്ത ഭൂമികളിൽ അവക്കു പാട്ടക്കാക്കുള്ള അവകാശംപോലുമില്ലാതിരുന്നതുകൊണ്ട് കൃഷിസ്ഥലങ്ങളെ ഫലപുഷ്ടിപ്പെടുത്തുന്ന കാൎയ്യത്തിൽ അവർ അശ്രദ്ധരായിട്ടാണു കാണപ്പെട്ടതു്. അതിൻെറ ഫലമായി, ഇപ്പോൾ സോവിയററ ഗവമ്മേൻറ കൃഷിക്കാക്കു കൃഷിനടക്കുന്ന ഭൂമികളിൽ സ്ഥിരാവകാശം കൊടുക്കുവാൻ തുടങ്ങിയിരിക്കുന്നു. റഷ്യയിലിപ്പോൾ നടപ്പിലിരിക്കുന്ന ഏകാധിപത്യഭരണത്തിൻെറ സ്ഥാനത്തു പ്രജാധിപത്യഭരണം ഏൎപ്പെടുത്തുന്നതിനായി ഇയ്യിടെ സോവിയററഗവമ്മേൻറ സ്വീകരിച്ചിട്ടുള്ള പുതിയ ഭരണവ്യവസ്ഥകൾ പലതും അതുപോലെ സോഷ്യലിസസിദ്ധാന്തങ്ങൾക്കു വിരുദ്ധങ്ങളായിക്കാണന്നുണ്ട്. പുതിയ ഭരണവ്യവസ്ഥകൾ പ്രകാരം സോവിയററ റഷ്യയിൽ ഇനിമേൽ, വ്യക്തികൾക്ക് സ്വന്തം ഉപയോഗത്തിനാവശ്യമായ സ്വകാൎയ്യസ്വത്തു സമ്പാദിക്കുവാനും ഇഷ്ടമുള്ള തൊഴിലുകളിൽ ഏൎപ്പെട്ട്, വോട്ടവകാശം മുതലായ പൌരാവകാശങ്ങൾ അനുഭവിക്കുവാനും സാധിക്കുന്നതാണ്. വ്യക്തികൾ, സമുദായത്തിനുവേണ്ടി, സമുദായത്തിൻെറ പ്രതിനിധിയായ ഗവമ്മേൻറ നിശ്ചയിക്കുന്ന പ്രവൃത്തികൾ ചെയ്യണമെന്നും, അവക്ക് സ്വാതന്ത്ര്യമസ്ഥത ഉണ്ടായിരിക്കുവാൻ പാടില്ലെന്നും മററുമുള്ള സോഷ്യലിസത്തിൻെറ വ്യവസ്ഥകൾ പ്രയോഗത്തിൽ വരുത്തുവാൻ അത്ര പററിയവയല്ല, എന്നാണു സോവിയററഗവമ്മേൻറിൻെറ ഈ നയവ്യതിയാനത്തിൽനിന്നു വെളിപ്പെടുന്നതു്. മനുഷ്യസ്വഭാവത്തിൻെറ കഴക്കു മുറിച്ചു നിൎത്തുവാൻ ഒരു സാമുദായികതത്വശാസ്ത്രത്തിനും വളരെ ദൂരം സാധിക്കുന്നതല്ല.

സോഷ്യലിസം ഒരുവിധത്തിൽ നോക്കുമ്പോൾ കാപ്പിററലിസ (മുതലാളിത്വ)ത്തിൻെറ സൃഷ്ടിയാണെന്നു പറയാം. സയൻസ് എന്നു പറയുന്ന നവീന ഭൌതികശാസ്ത്രം മനുഷ്യന്നു് പ്രകൃതിശക്തികളേക്കൊണ്ടേന്തു ചെയ്യിക്കുവാനും സാധിക്കുമെന്ന ഒരു നില വരുത്തിയതോടുകൂടി ലോകത്തിൽ യന്ത്രനിൎമ്മാണപരമായ ഒരു നവയുഗം ആരംഭിച്ചു. പ്രകൃതിവിഭവങ്ങളെ മനുഷ്യപ്രയത്നംകൊണ്ടും യന്ത്രസഹായംകൊണ്ടും മനുഷ്യക്കാവശ്യമുള്ള സാധനങ്ങളാക്കി മാററി പണം സമ്പാദിക്കുന്ന മുതലാളിമാരേയും, ആ മുതലാളിമാരുടെ ധനതൃഷ്ണയെ തൃപ്തിപ്പെടുത്തുന്നതിനുവേണ്ടി യന്ത്രങ്ങളോടൊപ്പം പ്രവൃത്തിയെടുത്തു് സ്വജീവരക്തം വററിക്കു

ന്ന തൊഴിലാളിമാരേയും സൃഷ്ടിച്ചതു് യന്ത്രവ്യവസായപരമായ ഈ നവയുഗമാണ്. പണം സമ്പാദിക്കുന്നിടത്തോളം പണത്തിനുള്ള കൊതി കൂടിക്കൂടി വരുന്ന മുതലാളിമാരും, അഹോരാത്രം അദ്ധ്വാനിച്ചാലും ഉപജീവനത്തിന്നു മതിയായ ഒരു പ്രതിഫലം കിട്ടാതെ നിത്യദാരിദ്ര്യവും, മർദ്ദനവും അനുഭവിച്ചു വരുന്ന തൊഴിലാളികളും, പരസ്പരം മത്സരിച്ചു പ്രവർത്തിക്കുവാൻ തുടങ്ങി. വ്യക്തികൾ സമുദായത്തോടുള്ള കടമ തീരെ മറന്നു് സ്വാർത്ഥംമാത്രം നോക്കി പ്രവർത്തിക്കുകയാൽ വ്യക്തികളും സമുദായവും തമ്മിലുള്ള സ്വാഭാവികമായ ബന്ധം ഭഗ്നമായി ഭവിച്ചു.

തൊഴിലാളികളെ മർദ്ദനം ചെയ്യുന്ന മുതലാളിത്തത്തോടു പകരം ചോദിപ്പാൻ ഈ ഘട്ടത്തിൽ സോഷ്യലിസം ആവിർഭവിച്ചു. വളരെക്കാലം മർദ്ദനം ഏററുകൊണ്ടു സമുദായത്തിന്റെ അടിയിൽ ചുരുണ്ടു കിടന്ന തൊഴിലാളി ശരിയായ സമയം വന്നപ്പോൾ അവിടെ നിന്നെഴുന്നേററു്, തന്നെ മർദ്ദിക്കുന്നവരോടു പകപോക്കുവാൻ ഒരുമ്പെട്ടു. പട്ടിണികിടക്കുന്ന തൊഴിലാളിയുടെ കത്തിക്കാളുന്ന വിശപ്പിൽനിന്നു വിപ്ലവത്തിന്റെ തീപ്പൊരികൾ തെറിക്കാൻ എന്താണു പ്രയാസം?

1917-ൽ റഷ്യയിലുണ്ടായ ബോൾഷെവികവിപ്ലവത്തിനു മറെറാരുവാക്കു പറയാനുണ്ടെങ്കിൽ അതു പട്ടിണി എന്നാണ്: ശക്തന്മാരായ അല്പം ചിലരുടെ സുഖസൌകര്യങ്ങൾക്കുവേണ്ടി കോടി കോടിജനങ്ങൾ പട്ടിണിയും വിശപ്പും സഹിച്ചു് നിരന്തരം ദേഹാദ്ധ്വാനം ചെയ്യുവാൻ നിർബ്ബന്ധിതരായിരുന്ന സാമുദായികപരിതഃസ്ഥിതിയാണ് റഷ്യയിൽ വിപ്ലവത്തിന്നും സോഷ്യലിസത്തിന്നും പ്രവേശമുണ്ടാക്കിത്തീർത്തതു്. വ്യക്തികൾ സമുദായഗുണത്തെ വിഗണിച്ചു പ്രവർത്തിച്ചതിനുള്ള ഒരു ശിക്ഷയായിട്ടെന്നവണ്ണം, സോഷ്യലിസം റഷ്യയിൽ, വ്യക്തികളെ മറന്നു് സമുദായഗുണത്തിന്നായി പ്രവർത്തിക്കുവാൻ ശാസിച്ചു. സമഷ്ടികാര്യത്തിൽനിന്നു ഭിന്നമായിട്ടൊരു വ്യഷ്ടികാര്യം ഉണ്ടായിരിപ്പാൻ പാടില്ലാത്തതുകൊണ്ടു്, സാമുദായാംഗങ്ങളായ സകല വ്യക്തികളും സ്വതന്ത്രത്തെ വിസ്മരിച്ചു്, സമുദായത്തിനു പൊതുവേ ഉപയോഗപ്പെടുന്ന പ്രവൃത്തികൾ ചെയ്യണമെന്നുള്ള സോഷ്യലിസത്തിന്റെ ശാസനയെ റഷ്യയിൽ സോവിയററു ഗവമ്മേണ്ടു് അധികാര ഖഡ്ഗം ഓങ്ങിക്കൊണ്ടാണ് നടപ്പിൽ വരുത്തുവാൻ ശ്രമിച്ചതു്. എന്നാൽ വ്യക്തികളുടെ സ്വാർത്ഥതൽപരതയിൽനിന്നു സമുദായത്തെ രക്ഷിക്കുന്നതിനുവേ

ണ്ടി വ്യക്തിത്വത്തെത്തന്നെ ഇങ്ങിനെ നശിപ്പിക്കുവാൻ പുറപ്പെട്ടതിൽ സോഷ്യലിസത്തിന്നു പരാജയംതന്നെ സംഭവിച്ചു. അഗ്നിപർവ്വതം പൊട്ടിത്തെറിക്കുമ്പോൾ സമുദ്രത്തെ ചെന്നു് അഭയം പ്രാപിക്കുന്നതു പോലെയാണിതു് എന്നു മഹാകവി ടാഗോർ പറഞ്ഞിട്ടുള്ളതു് ഇവിടെ സ്മരണീയമാണു്. അഗ്നിപർവ്വതത്തെ ഭയപ്പെട്ടു സമുദ്രത്തെ ശരണം പ്രാപിക്കുന്നവൻ അപാരമായ സമുദ്രത്തിൻെറ സ്വഭാവം അറിയുമ്പോഴാണു് അതിഘോരമായ മറെറാരാപത്തിലാണു താൻ ചെന്നു പെട്ടതെന്നു മനസ്സിലാക്കുന്നതു്.

മനുഷ്യന്നു വ്യക്തിത്വമെന്നും സമുദായാംഗത്വമെന്നും രണ്ടു നിലകൾ ഉണ്ടു്. ഇവയിൽ ഏതെങ്കിലും ഒന്നിനു മറേറതിനോടുകൂടാതെ യാഥാർത്ഥ്യം ഉണ്ടാകുന്നില്ല. മനുഷ്യൻ മതിഭ്രമംകൊണ്ടു വല്ലപ്പോഴും ഇവയിൽ ഒരു ഭാഗത്തേയ്ക്കു തിരിഞ്ഞു മറുഭാഗത്തേയ്ക്കു തകരാറുണ്ടാക്കിത്തീർക്കുകയാണെങ്കിൽ, അവൻ ഏതുഭാഗത്തേയ്ക്കു തിരിഞ്ഞുവോ ആ ഭാഗം അങ്ങോട്ടു നശിപ്പിച്ചുകളയുകയല്ല അതിനുള്ള പ്രതിവിധി. മനുഷ്യൻ സ്വാതന്ത്ര്യത്തിൽ മാത്രം തല്പരനായി സമുദായത്തിനു ദോഷം വരുത്തുന്ന പ്രവൃത്തികൾ ചെയ്യുകയാണെങ്കിൽ, അവനെ സ്വാതന്ത്ര്യത്തിൽനിന്നു പിന്തിരിക്കുവാൻവേണ്ടി അവൻെറ സ്വത്വത്തെത്തന്നെ വെട്ടിമുറിച്ചുകളയുകയല്ല വേണ്ടതു്. അങ്ങിനെ ചെയ്താൽ ഒരുപക്ഷേ തല്ക്കാലത്തേയ്ക്കു കുഴപ്പം ഒന്നു കുറയുമെങ്കിലും കുറച്ചുകഴിയുമ്പോൾ സമുദായം തന്നെ ചലിക്കാതെയായിത്തീർന്നു എന്നുവന്നേയ്ക്കും; വണ്ടിയ്ക്കു കെട്ടിയ കുതിരയെ കടിഞ്ഞാണിട്ടു പിടിച്ചില്ലെങ്കിൽ അതു വണ്ടിയെ വല്ല കുണ്ടിലും കൊണ്ടുപോയിത്തള്ളും. അങ്ങിനെ വരാതിരിക്കുന്നതിനുവേണ്ടി കുതിരയെ കടിഞ്ഞാണിട്ടു പിടിക്കുകയല്ലാതെ വെടിവെച്ചു കൊല്ലുവാൻ പുറപ്പെടുന്നതു വമ്പിച്ച വിഡ്ഢിത്തമായിരിക്കും. വെടികൊണ്ടു കുതിര അനങ്ങാതെയാകുമ്പോൾ വണ്ടിയും പിന്നെ അനങ്ങുകയില്ല.

റഷ്യയിൽ സോഷ്യലിസം കൊടുങ്കാററുപോലെ മുമ്പിൽ കണ്ടതിനെയെല്ലാം തട്ടിത്തകർത്തു മറിച്ചുംകൊണ്ടാണു മുമ്പോട്ടുപോയതു്. ഭൂതകാലത്തിൻെറ നേട്ടങ്ങൾ മുഴുവൻ തട്ടിത്തകർത്തു്, റഷ്യയുടെ ചരിത്രത്തിൽനിന്നു പഴമയുടെ ഏടുകൾ ഒന്നാകെ ചീന്തിക്കളയുവാനാണു് അതു ശ്രമിച്ചുനോക്കിയതു്. സോഷ്യലിസത്തിൻെറ പിതാവായ കാറൽ മാർക്സ് മതം മനുഷ്യനെ മയക്കുന്ന ഒരുതരം കറുപ്പാണെന്നും, ഈശ്വരവിശ്വാസം മനുഷ്യൻെറ അശക്തതാബോധത്തിൽനിന്നുണ്ടായ ഒരു

അന്ധവിശ്വാസമാണെന്നും പറഞ്ഞിട്ടുള്ളതിനെ മുറകെപ്പിടിച്ചുംകൊണ്ടു, ബോൾഷെവിക്ക ഗവൺമെണ്ടു റഷ്യൻ ജനതയുടെ ഇടയിൽനിന്നു മതത്തേയും ഈശ്വരവിശ്വാസത്തേയും അകററിക്കളയുവാൻ പലവിധത്തിലും പരിശ്രമിച്ചുനോക്കിയെങ്കിലും, അതുകൊണ്ടു പറയത്തക്ക ഫലമൊന്നും ഉണ്ടായില്ല. മതസ്ഥാപനങ്ങൾക്കെതിരായി പ്രചാരവേലകൾ നടത്തിയും, മതപുരോഹിതന്മാരെ മർദ്ദിച്ചു പള്ളി സ്വത്തുക്കൾ പിടിച്ചടക്കിയും മററും ഗവൺമെൻറ മതത്തെ നിർമ്മൂലനം ചെയ്യാൻ ആവുന്നതൊക്കെച്ചെയ്യുനോക്കിയെങ്കിലും, മതം ഇന്നും റഷ്യയിൽ സജീവമായിട്ടുതന്നെ വത്തിയ്ക്കുന്നുണ്ടു്. സോഷ്യലിസത്തിന്നെതിരായി നിന്ന മതപുരോഹിതന്മാരുടേയും, സോഷ്യലിസസിദ്ധാന്തങ്ങൾ സ്വീകരിക്കാതെ നിന്ന ഭിന്നാഭിപ്രായകക്ഷികളുടേയും നേരെ സോവിയററ ഗവൺമെൻറ കാണിച്ച കടുംകൈകൾ ചരിത്രത്തിനൊരിക്കലും മറക്കവാൻ കഴിയുന്നതല്ല. സോഷ്യലിസത്തേയും സോവിയററ ഗവൺമെൻറിനേയും നിരൂപണം ചെയ്യാൻ പുറപ്പെട്ടവരോടു പകരം ചോദിച്ചിരുന്നതു സൈബീരിയയിലെ കാരാഗൃഹങ്ങളും, തോക്കിൻെറ വെടിയുണ്ടകളുമാണു്. റഷ്യയിൽ ബോൾഷെവിക്ക വിപ്ലവം ഉണ്ടാക്കുവാനും, സോവിയററഭരണം സ്ഥാപിക്കുവാനും ലെനിൻെറ വലംകയ്യായിനിന്നു പരിശ്രമിച്ച ട്രോട്സ്കിയെ അഭിപ്രായഭേദമാകുന്ന അപരാധത്തിനു് സ്റ്റാലിൻെറ ഗവൺമെൻറ നാടായനാടൊക്കെ ഓടിച്ചു വേട്ടയാടി. അടുത്ത കാലംവരെയും റഷ്യയിൽ, ജനങ്ങളുടെ വിശ്വാസസ്വാതന്ത്ര്യം, വിചാരസ്വാതന്ത്ര്യം മുതലായ പൌരാവകാശങ്ങൾ സ്വേച്ഛാധിപത്യഭരണത്തിൻെറ ചവിട്ടടിയിൽപ്പെട്ടു ഞെരുങ്ങിഞെങ്ങിക്കൊണ്ടാണു കിടന്നിരുന്നതു്! മതത്തിൻെറ പേരിൽ നടന്ന ഘോരകൃത്യങ്ങളെ എണ്ണിയെണ്ണിപ്പറഞ്ഞു മതത്തെ ദൂഷിക്കുന്ന അതേ സോഷ്യലിസത്തിൻെറ നേതൃത്വത്തിൽ തന്നെ അതിലും ഘോരങ്ങളായ ക്രൂരകർമ്മങ്ങൾ നടത്തപ്പെട്ടിട്ടുണ്ടു്! നവപ്രതിഷ്ഠിതമായ ഗവൺമെൻറിൻെറ രക്ഷയ്ക്കുവേണ്ടിച്ചെയ്യുന്ന കടുംകൈയ്യുകളെ രാജ്യതന്ത്രം സാധൂകരിക്കുമെങ്കിലും മനുഷ്യത്വം ഒരിക്കലും അവയെ പിന്താങ്ങുകയില്ല. സൂര്യനാണു ചരിക്കുന്നതെന്നുള്ള ബൈബളിൻെറ സിദ്ധാന്തത്തിനു് എതിരായി ഭൂമിയാണു ചരിക്കുന്നതെന്നു പറഞ്ഞുപോയതിന്നു ഗലീലിയോവിനെ പിടിച്ചു ബന്ധനത്തിലിട്ട ക്രിസ്തുമതമോ, സോഷ്യലിസത്തിനു രുചിക്കാത്ത അഭിപ്രായങ്ങൾ വഹിച്ച കുററത്തിനു റഷ്യയിലെ പല ചിന്തകന്മാരേയും നിർദ്ദയമായി മർദ്ദിച്ച

സോഷ്യലിസമോ ഏതാണ് അസഹിഷ്ണുതയിലും ക്രൂരതയിലും മുന്തി നില്ക്കുന്നതു്? എതിരഭിപ്രായത്തിന്റെ നിഴൽപോലും തട്ടുവാൻ വയ്യാത്തവണ്ണം അത്രമേൽ 'തൊട്ടാൽവാടി'യായ ഒന്നാണു സോഷ്യലിസമെന്നോ?

റഷ്യയിൽ ബോൾഷെവിക്കു ഭരണത്തിന്റെ കീഴിൽ നടന്ന അക്രമപ്രവൃത്തികൾക്കൊന്നും സോഷ്യലിസം ഉത്തരവാദിയല്ല എന്നു പറയുന്നുണ്ടെങ്കിൽ, ആ ന്യായംതന്നെ എന്തുകൊണ്ടു മതത്തിന്റെ കാൎയ്യത്തിലും പറഞ്ഞുകൂടാ? സോഷ്യലിസത്തിന്റെ പേരിൽ നടക്കുന്ന അപകൃത്യങ്ങൾക്കു സോഷ്യലിസം ഉത്തരവാദിയല്ലെങ്കിൽ, മതത്തിന്റെ പേരിൽ നടക്കുന്ന അഴിമതികൾക്കു മതവും ഉത്തരവാദിയല്ല എന്നു വിചാരിച്ചുകൂടയോ? മതം മനുഷ്യന്റെ ആദ്ധ്യാത്മികമായ അഭിനിവേശത്തിൽനിന്നുത്ഭവിച്ചിട്ടുള്ളതും, മനുഷ്യന്റെ സത്യാന്വേഷണബുദ്ധിയെ സംതൃപ്തിപ്പെടുത്തുവാനുള്ളതുമായ ഒരു മാനസികബോധവിശേഷമാണ്. മനുഷ്യനിൽ അന്തർല്ലീനമായിക്കിടക്കുന്ന ആദ്ധ്യാത്മചൈതന്യത്തെ ഊതിജ്വലിപ്പിയ്ക്കുന്നതും, മനുഷ്യന്റെ ലൗകികജീവിതത്തെ നിയന്ത്രിക്കുന്നതുമായ ഒരു ധൎമ്മപൎയ്യാക്രമവുമാണതു്. മനുഷ്യനിൽ തത്വാന്വേഷണബുദ്ധി ഉണൎന്നു പ്രവൎത്തിയ്ക്കുവാൻ തുടങ്ങിയപ്പോൾ ഉണ്ടായിട്ടുള്ളതും, അഗാധബുദ്ധികളായ അസംഖ്യം തത്വചിന്തകന്മാരുടെ യുക്തിബുദ്ധിയെ തൃപ്തിപ്പെടുത്തിയിട്ടുള്ളതുമായ ആ മതത്തെ കടന്നാക്ഷേപിക്കുവാൻ ഇന്നലെ മുളച്ചു പൊന്തിയ സോഷ്യലിസത്തിനു് എന്തൊരു അധികാരമാണുള്ളതെന്നു മനസ്സിലാകുന്നില്ല. തത്വാന്വേഷണപ്രസക്തമായ ഇന്നത്തെ സയൻസുപോലും, ഈശ്വരനുണ്ടോ ഇല്ലയോ എന്ന പ്രശ്നത്തിന്റെ അടുത്തു ചെല്ലുമ്പോൾ, എത്തുംപിടിയും കിട്ടാത്ത അതിന്റെ ആഴം കണ്ടു പകച്ചു പിന്നാക്കം മാറുന്നു! അങ്ങിനെയിരിക്കുമ്പോഴാണ്, ഇന്നലത്തെ മഴയ്ക്കുണ്ടായ സോഷ്യലിസംവന്നു്, ഈശ്വരൻ എന്നാൽ ഒരു മിത്ഥ്യാവസ്തുവാണെന്നു ശാസ്ത്രസമ്മതമായ യാതൊരു സരണിയേയും അവലംബിക്കാതെ നിൎവ്വിശങ്കം സിദ്ധാന്തിക്കുന്നതു്! സാമ്പത്തികകാൎയ്യങ്ങളെപ്പററി ചിന്തിയ്ക്കുന്ന സോഷ്യലിസത്തിനു് ആദ്ധ്യാത്മികവിഷയങ്ങളെപ്പററി അഭിപ്രായം പറയുവാൻ എന്തൊരു യോഗ്യതയാണുള്ളതു്.

മനുഷ്യരുടെ ദുൎവ്വിനിയോഗംകൊണ്ടു് മതത്തിന്റെ ബാഹ്യരൂപം വളരെ മലിനപ്പെട്ടിട്ടുണ്ടെന്നു സമ്മതിക്കാം. എന്നാൽ ദുൎവ്വിനിയോഗം

കൊണ്ടുള്ള ദോഷം മതത്തിന്നെന്നപോലെ സോഷ്യലിസത്തിന്നും ബാധകമായിക്കൂടാത്തതല്ല; മനുഷ്യനും മനുഷ്യനും തമ്മിൽ സമത്വവും സാഹോദര്യവും സമ്മതിക്കാത്ത തരത്തിലുള്ള ആചാരങ്ങളും അവയെ താങ്ങുന്നതിന്നുള്ള കള്ളപ്രമാണങ്ങളും മതത്തിന്മേൽ ചുററിപ്പടൎന്നുപിടിച്ചിട്ടുണ്ടെന്നുള്ളതു് പരമാൎത്ഥംതന്നെ. മതതത്വവിരുദ്ധങ്ങളായ അവയെ നശിപ്പിച്ച് മതത്തെ ശുദ്ധീകരിക്കുന്നതിന്നു പകരം മതത്തേത്തന്നെ നശിപ്പിക്കുന്നതു് എലിയെ കൊല്ലാൻവേണ്ടി ഇല്ലം ചുടുന്നതിനോടു തുല്യമായിരിക്കും.

സോഷ്യലിസ്ററു ഗവമ്മേണ്ടു് റഷ്യയിൽ സാൎവ്വത്രികമായി വിദ്യാഭ്യാസം പ്രചരിപ്പിച്ചതു് എത്രത്തോളം അഭിനന്ദനീയമായിരുന്നാലും റഷ്യയുടെ ആത്മാവിനെ പട്ടിണിക്കിട്ടുകൊണ്ടാണു് ബുദ്ധിയെ മൃഷ്ടാഷ്ടി ഊട്ടിയതു് എന്നു പറയാതെ കഴിയുന്നതല്ല. വയററിന്റെ വിശപ്പു മാറിയതുകൊണ്ടോ ബുദ്ധിയുടെ ഭൌതികജ്ഞാനതൃഷ്ണ തീൎന്നതുകൊണ്ടോ ഒന്നും മനുഷ്യന്റെ ആത്മാവു സംതൃപ്തമായിത്തീരുന്നതല്ല. നാമരൂപാത്മകമായ നാനാത്വത്തിൽ നിലീനമായിക്കിടക്കുന്ന ഏകത്വരൂപമായ സത്യത്തെ തിരയുന്ന ആത്മാവിന്റെ തത്വാന്വേഷണവാസനയ്ക്കും സൃഷ്ടിശക്തിക്കും സ്വച്ഛന്ദമായ് വിഹരിക്കുവാൻ സ്വാതന്ത്ര്യം ഉണ്ടായിരുന്നാൽ മാത്രമേ ആത്മാവു സംതൃപ്തിപ്പെടുകയുള്ളു. സോഷ്യലിസസിദ്ധാന്തങ്ങൾ പ്രചരിപ്പിക്കുന്നതിന്നു പററിയ വിധത്തിലുള്ള സെനിമ, നാടകം, നോവൽ, പ്രദൎശനവസ്തുക്കൾ മുതലായവയേക്കൊണ്ടു്, സോവിയററുഗവമ്മേണ്ടു ജനങ്ങളുടെ ഇടയിൽ നൂതനവിജ്ഞാനങ്ങൾ പരത്തുവാനും സൌന്ദൎയ്യാഭിരുചി ഉണ്ടാക്കിത്തീക്കുവാനും വളരെയധികം ശ്രമിച്ചിട്ടുണ്ടെങ്കിലും അതുകൊണ്ടൊന്നും റഷ്യയുടെ വകയായി ലോകവിജ്ഞാനഭണ്ഡാരത്തിലേയ്ക്കു വിശിഷ്ടങ്ങളായ നേട്ടങ്ങളൊന്നും ലഭിക്കുവാൻ ഇടയായിട്ടില്ല. ഭൌതികവിഷയങ്ങളേപ്പററിയല്ലാതെ ആധ്യാത്മികവിഷയങ്ങളേപ്പററി ചിന്തിക്കുവാനും മനസ്സിന്നു രുചിക്കുന്ന കലാസൃഷ്ടികളേക്കൊണ്ടു വിനോദിക്കുവാനും, സോവിയററുഗവമ്മേണ്ടു് സ്വാതന്ത്ര്യം അനുവദിക്കാത്തതുകൊണ്ടു് വിപ്ലവത്തിനുശേഷം റഷ്യയുടെ ആത്മാവു് ഒരുവിധത്തിൽ പട്ടിണികിടക്കുകയായിരുന്നു എന്നുതന്നെ പറയണം. ഈശ്വരവിശ്വാസവും മതപ്രവണതയും പ്രതിഫലിച്ചിട്ടുള്ളവയെന്നു സംശയം തോന്നുന്ന യാതൊരു ഗ്രന്ഥവും ഗവമ്മേണ്ടു പ്രസിദ്ധം ചെയ്യുവാൻ സമ്മതിച്ചിരുന്നില്ല. സോഷ്യലിസ

സിദ്ധാന്തങ്ങൾക്കു വിരുദ്ധങ്ങളായ ആശയങ്ങൾ ഉള്ള ഗ്രന്ഥങ്ങളെ ഗവർമ്മേണ്ട് ബലമായി പിടിച്ചടക്കി. സോഷ്യലിസത്തിന്റെ മുമ്പിൽ മുട്ടുകുത്തി നില്ക്കാൻ കൂട്ടാക്കാത്ത ഗ്രന്ഥകാരന്മാർക്കും ഗ്രന്ഥപ്രസാധകന്മാർക്കും ഗവർമ്മേണ്ടിന്റെ മർദ്ദനം ഭയപ്പെട്ട് രഷ്യയിൽനിന്നു ഒളിച്ചോടിപ്പോകേണ്ടിവന്നു. രഷ്യയിലെ സുപ്രസിദ്ധന്മാരായ പല സാഹിത്യകാരന്മാരും ഇന്നു് ജർമ്മനി, ഫ്രാൻസ് മുതലായ അന്യരാജ്യങ്ങളെ അഭയം പ്രാപിച്ചാണ് കഴിഞ്ഞുകൂടുന്നതു്. രഷ്യയിലെ സ്വതന്ത്രചിന്തകന്മാരായ പല വിദ്വാന്മാരും ബുദ്ധിശക്തികൊണ്ടു പ്രവൃത്തിയെടുത്തു ജീവിക്കുവാൻ സാധിക്കാത്തതുകൊണ്ട്, കൃഷിപ്പണിയിലും കണക്കെഴുത്തിലും മററും ഏപ്പെട്ടാണ് ഉപജീവനം കഴിച്ചുവരുന്നതു്. സോഷ്യലിസ്ററുകാരനായ മാക്സിം ഗോർക്കിയുടെ നിയന്ത്രണവും സഹായവും ഇല്ലായിരുന്നുവെങ്കിൽ, രഷ്യയിലെ സാഹിത്യകാരന്മാർക്കും വിദ്വാന്മാർക്കും ഗവർമ്മേണ്ടിൽനിന്നു് ഇതിലേറെ ഉപദ്രവങ്ങൾ ഏൽക്കുവാൻ ഇടയാകുമായിരുന്നു എന്നാണു പറയുന്നതു്. അതെങ്ങിനെയിരുന്നാലും, വിപ്ലവത്തിനുശേഷം വിശ്വസാഹിത്യത്തിൽ സ്ഥാനം ലഭിക്കാവുന്ന ഒരൊററ ഉൽകൃഷ്ടഗ്രന്ഥവും രഷ്യയിൽ ഉണ്ടായിട്ടില്ല. ഒരേ രാഗത്തിലും താളത്തിലും സോഷ്യലിസത്തെ വാഴ്ത്തിപ്പാടുന്ന മൂന്നാംക്ലാസ്സ് നോവലുകളും നാടകങ്ങളും മാത്രമാണ് ഉണ്ടായിട്ടുള്ളതു്. മാക്സിം ഗോർക്കി ഡോസ്റ്റോവസ്കി മുതലായ ചുരുക്കം ചില സാഹിത്യകാരന്മാർ വിപ്ലവത്തിനു മുമ്പു് രചിച്ചിട്ടുള്ള ഏതാനും ചില വിശിഷ്ടകൃതികളെ ഒഴിച്ചാൽ, പിന്നെയുള്ള സോഷ്യലിസ്ററ സാഹിത്യങ്ങളെല്ലാം അത്യന്തം വിരസങ്ങളാണെന്നു പലരും പറയുന്നുണ്ട്.

സോവിയററ് ഗവർമ്മേണ്ടിന്റെ പ്രോത്സാഹനംകൊണ്ട്, രഷ്യയിലെ നാട്യകലയ്ക്കും സെനിമാപ്രദർശനവിദ്യയ്ക്കും വളരെ അഭിവൃദ്ധിയുണ്ടായി എങ്കിലും അവയുടെ ആവശ്യത്തിനുപയോഗിക്കുന്ന സാഹിത്യത്തിന്നു പറയത്തക്ക മെച്ചമൊന്നും ഉണ്ടായില്ല. സെനിമയ്ക്കും നാടകാഭിനയത്തിന്നും ഉപയോഗിക്കുന്ന കഥകൾ മിക്കവാറും, സോഷ്യലിസത്തിന്റെ ഗുണങ്ങളും, മുതലാളിത്വത്തിന്റെ ദോഷങ്ങളും, മതത്തിന്റെ 'മാററിത്ത'ങ്ങളും ഒരേ രീതി പിടിച്ചു വർണ്ണിക്കുന്നവയാണ്. ഒരച്ചിലിട്ടു വാർത്തതുപോലെയുള്ള വൈചിത്ര്യരഹിതങ്ങളായ ഈ കഥകളുടെ വൈരസ്യം നിമിത്തം നാടകവും സെനിമയും കാണ്മാൻ പോകുന്നവരുടെ സംഖ്യ ക്രമേണ ചുരുങ്ങിക്കൊണ്ടുവന്നതിനാൽ ഗവർമ്മേണ്ടി

പ്പോഠം, സോഷ്യലിസം പ്രചരിപ്പിക്കുന്ന കഥകഠംതന്നെ വേണമെന്നുള്ള നിർബ്ബന്ധം ഒന്നയച്ചുവിട്ടിട്ടുണ്ട്. റഷ്യയിലെ നാട്യശാലകളിൽ ഇപ്പോഠം ഷേക്സ്പീയർ മുതലായ പ്രാചീനലോകമഹാകവികളുടെ കൃതികഠം അഭിനയിക്കപ്പെട്ടവാൻ തുടങ്ങിയിട്ടുണ്ടെന്നാണറിയുന്നതു്. സോഷ്യലിസത്തിന്നു യോജിച്ച ആശയങ്ങഠം ഉള്ള കൃതികഠംക്കേ സാഹിത്യത്വമുള്ളു എന്ന സിദ്ധാന്തം സോവിയററു റഷ്യ ഇപ്പോഠം വിട്ടുതുടങ്ങിയിട്ടുണ്ടെന്നു കാണുന്നതിൽ സന്തോഷിക്കുകതന്നെ വേണം. അന്യഭാഷകളിലുള്ള മികച്ച ക്ലാസിക്ക് കൃതികഠം റഷ്യൻ ഭാഷയിലേക്കു തർജ്ജിമ ചെയ്യാനും റഷ്യൻ ഭാഷയിൽതന്നേയുള്ള പഴയ ക്ലാസിക്കു കൃതികളെ ആദരിക്കുവാനും സോവിയററ് റഷ്യ ഇയ്യിടെ ആരംഭിച്ചിട്ടുണ്ട്.

റഷ്യയിൽ സോഷ്യലിസം പ്രയോഗിച്ചതിൽ ഉണ്ടായ ഗുണങ്ങളും ദോഷങ്ങളും, സോവിയററ് ഗവമ്മേണ്ട് ഇയ്യിടെ സോഷ്യലിസ്ററ് നയത്തിൽ വരുത്തിയ മാററങ്ങളും നമ്മഠം സൂക്ഷ്മമായ് ഗ്രഹിച്ചിരിക്കേണ്ടതാണ്. സോഷ്യലിസം പുസ്തകത്തിൽ കാണുന്ന മാതിരിയിൽത്തന്നെ പ്രയോഗത്തിൽ വരുത്തുവാൻ സാധിക്കുന്നതോ, പ്രയോഗത്തിൽ വരുത്തുവാൻ സാധിച്ചാൽത്തന്നേയും നൂററുക്കു നൂറായി ഗുണം ചെയ്യുന്നതോ ആയ ഒരു പ്രസ്ഥാനമല്ല എന്നു സോവിയററ് റഷ്യയുടെ അനുഭവത്തിൽനിന്നു വ്യക്തമായി കഴിഞ്ഞിട്ടുണ്ട്. ജന്മിത്വവും മുതലാളിത്വവും മൂർഛിച്ചു് സമുദായശരീരത്തിൽ ഉണ്ടാക്കിത്തീർത്തിട്ടുള്ള 'ദോഷകോപ'ത്തിന്ന് ഒരുപക്ഷേ സോഷ്യലിസം ഒരു ചികിത്സാവിധിയാണെന്നു വന്നേയ്ക്കാം. പക്ഷേ, ചികിത്സയുടെ ആവശ്യം രോഗം മാറുന്നതുവരേക്കു മാത്രമേയുള്ളു. എന്നും ചികിത്സയിലിരിക്കാൻ ഒരാളും ഇഷ്ടപ്പെടുകയില്ല. രോഗം മാറി എന്നു കാണുന്ന മാത്രയിൽ കണക്കു തീർത്തു് ഡോക്ടരെ പിരിച്ചയപ്പാൻ നോക്കും.

ഇന്ത്യയെ ബാധിച്ചു കാണുന്ന സവ്വരോഗങ്ങഠംക്കും സോഷ്യലിസം കൊണ്ടു ചികിത്സിക്കുവാൻ ഉത്സാഹിക്കുന്നവർ, എല്ലാ രോഗങ്ങഠംക്കും, എല്ലാവരുടെ രോഗങ്ങഠംക്കും ഒരേ ചികിത്സയായാൽ പററുകയില്ല എന്ന തത്വം തീരെ വിസ്മരിച്ചിരിക്കുന്നതുപോലെ തോന്നുന്നു. അങ്ങേ അററത്തെ സോഷ്യലിസ്റ്റായ പണ്ഡിത ജവഹർലാൽ നെഹ്റുപോലും, സോഷ്യലിസം ഇന്ത്യയുടെ സാമ്പത്തികങ്ങളായ വിഷമതകഠം തീക്കുവാൻ മാത്രമേ പററുകയുള്ളു എന്നും, അതിനുതന്നെയും, റഷ്യയിൽ പ്രയോഗിച്ച മാതിരിയിൽ അതു് ഇന്ത്യയിൽ പ്രയോഗിച്ചുകൂടാ എന്നും

പറയുന്നു. സോഷ്യലിസം സർവ്വഥാ സാമ്പത്തികമായ ഒരു പ്രസ്ഥാനമാകയാൽ, അതിനെക്കുറിച്ചുള്ള പ്രസംഗത്തിൽ, മതം, ദൈവവിശ്വാസം മുതലായ വിഷയങ്ങളെ വൃഥാ വലിച്ചിഴച്ചുകൊണ്ടുവന്നു കാര്യങ്ങൾ കുഴച്ചുമറിക്കുന്നതു തീരെ നന്നല്ല എന്ന് അദ്ദേഹം ഊന്നിപ്പറയുന്നുമുണ്ട്. എന്നാൽ, പണ്ഡിതജവഹർലാൽ നെഹ്റുവിൻെറ അനുയായികളെന്നു പറയുന്ന ഇന്നാട്ടിലെ ചില 'സോഷ്യലിസ്റ്റ് ഡോക്ടർമാർ' കൂട്ടുകൂട്ടാത്ത തനിച്ച റഷ്യൻ സോഷ്യലിസംതന്നെ ഇന്ത്യയുടെ രക്തത്തിൽ കുത്തിവെയ്ക്കണമെന്നു സിദ്ധാന്തിക്കുന്നവരാണ്. റഷ്യയിൽ, സോഷ്യലിസം, ബോൾഷെവിസം അല്ലെങ്കിൽ കമ്യൂണിസം എന്ന ഉഗ്രരൂപം കൈക്കൊണ്ടു കാട്ടിക്കൂട്ടിയതെല്ലാം ഇന്ത്യയിലും ആവർത്തിക്കണമെന്നു ശഠിക്കുന്നവർ റഷ്യയല്ല ഇന്ത്യ എന്നു നല്ലവണ്ണം ഓർക്കേണ്ടതാണ്. റഷ്യയിൽത്തന്നെയും അതിൻെറ പൂർവ്വചരിത്രം മുഴുവൻ തുടച്ചുമാച്ചുകളയുവാൻവേണ്ടി സോഷ്യലിസ്റ്റ് ഗവമ്മേൻറ ചെയ്ത ശ്രമം പരാജയത്തിലാണു പര്യവസാനിച്ചത്. ആ വകയൊന്നും ആലോചിക്കാതെ, റഷ്യയിലേപ്പോലെ ഇന്ത്യയിലും പഴയതെല്ലാം പാടെ തകർത്തുകളയണമെന്നും, പഴയ സാഹിത്യങ്ങളും മതഗ്രന്ഥങ്ങളും ദേവാലയങ്ങളും മുഴുവൻ നശിപ്പിക്കണമെന്നും മററും പറയുന്നവർ എന്തോ സ്വപ്നം കണ്ടു പുലമ്പുകയാണെന്നല്ലാതെ മറെറാന്നും പറയുവാൻ കാണുന്നില്ല. ഭാരതീയസംസ്കാരത്തിൻെറ ഭാസുരഭണ്ഡാരങ്ങളായ വേദങ്ങളും, ഉപനിഷത്തുകളും, ദശനങ്ങളും, ഇതിഹാസങ്ങളും ഒക്കെ ബ്രാഹ്മണപ്രഭാവവും, പ്രഭുജനമേന്മയും പ്രദശിപ്പിക്കുന്ന നിർഗ്ഗുണങ്ങളായ വാങ്നിബന്ധനങ്ങളാണെന്നാണ് ഇവർ ഘോഷിക്കുന്നത്. ഇന്ത്യാരാജ്യത്തിൻെറ ഒരററംമുതൽ മറേറ അററംവരെ ഒരു അദ്ധ്യാത്മസംസ്കാരപ്രകാശം പ്രസരിപ്പിച്ചിട്ടുള്ള രാമായണഭാരതാദികളായ പ്രാചീനസാഹിത്യരത്നങ്ങൾ ഇക്കൂട്ടരുടെ ദൃഷ്ടിയിൽ കാശിനു വിലപിടിക്കാത്ത കാചമണികൾ മാത്രമാണ്! മനുഷ്യത്വത്തിൻെറ മഹത്വസീമയെ കാണിച്ചുതന്നിട്ടുള്ള വാത്മീകി, വേദവ്യാസൻ മുതലായ പൂർവ്വകവിഗുരുക്കന്മാർ നിരുപയോഗമായ ഒരു നിർജ്ജീവസാഹിത്യത്തിൻെറ കർത്താക്കന്മാരാണു പോൽ! റൂസോ, വിക്ടർയൂഗോ മുതലായ ഫ്രഞ്ചു സാഹിത്യകാരന്മാരും, മാക്സിംഗോക്കി, ടെസ്റ്റോവസ്കി തുടങ്ങിയ റഷ്യൻ സാഹിത്യകാരന്മാരും ജനിച്ചിരുന്നില്ലെങ്കിൽ ലോകത്തിൽ സാഹിത്യം എന്നൊന്നുതന്നെ ഉണ്ടാകുമായിരുന്നില്ല എന്നു തോന്നും ഇവർ പറയുന്നതു കേട്ടാൽ!

കേരളത്തിലുള്ള ചില 'സോഷ്യലിസ്റ്റ് സഖാക്കൾ' ടാജ്മഹാളിലും ഗുരുവായൂരമ്പലത്തിലും, കഥകളിയിലും ഒക്കേ, ഒരുവക മുതലാളിപ്രഭുത്വവും തൊഴിലാളിദുഃഖവും ആണ് മണത്തറിയുന്നതു്! ലോകമഹാത്ഭുതങ്ങളിൽ ഒന്നായ ടാജ്മഹാളിന്റെ മഹത്തരമായ ശില്പവൈചിത്ര്യം കാണുകയോ അനുസ്മരിക്കുകയോ ചെയ്യുമ്പോൾ ആ കെട്ടിടം പണി ചെയ്യാൻ കല്ലേററി ബുദ്ധിമുട്ടിയ കൂലിവേലക്കാരുടെ കഷ്ടപ്പാടും കണ്ണീരുമാണ് ഒരാളുടെ ഭാവനാദൃഷ്ടിയുടെ മുമ്പിൽ വരുന്നതെങ്കിൽ ആ വിചിത്രമായ സഹൃദയത്വത്തിന്നു് ഒരു വിദൂരനമസ്കാരം ചെയ്യുകയേ നിവൃത്തിയുള്ളു. മാക്സിം ഗോർക്കിയുടെ 'മദർ' എന്ന വിശിഷ്ടഗ്രന്ഥം വായിക്കുമ്പോൾ, ആ പുസ്തകം അച്ചടിച്ച പ്രസ്സിലെ അല്പശമ്പളക്കാരായ അച്ചടിപ്പണിക്കാർ അനുഭവിച്ച കഷ്ടപ്പാടുകൾ ആണോ ഇക്കൂട്ടരുടെ ഓൎമ്മയിൽ വരാറുള്ളതെന്നറിയുന്നില്ല. കഥകളി മുതലായ പ്രാചീനദേശീയകലകൾ, യാതൊരു പ്രവൃത്തിയും എടുക്കാതെ മൂന്നുനേരം മൂറ്റക്കു മൃഷ്ടാന്നം കഴിച്ചുകൂട്ടുന്ന ചില പ്രഭുക്കന്മാൎക്കു രാത്രിയിൽ ഉറക്കം വരാത്തപ്പോൾ സമയം പോകുന്നതിനുവേണ്ടി ഏൎപ്പെടുത്തിയിട്ടുള്ള പ്രാകൃതവിനോദങ്ങളാണെന്നാണ് ഇവർ പറയുന്നതു്! മനോവികാരങ്ങളെ ബലമായി ഇളക്കിമറിച്ചു വിടുന്നവയും, ഭാവനാശക്തിക്കു വിശേഷിച്ചു ജോലിയൊന്നും ഇല്ലാത്തവയുമായ ഇന്നത്തെ സെനിമകളും നാടകങ്ങളും കണ്ടുകണ്ടു തഴകിയിട്ടുള്ളവരുടെ കലാസ്വാദനബുദ്ധിക്കു കഥകളിയെപ്പോലെ രസവാസനയും ഭാവനയും നല്ലവണ്ണം ഉണൎന്നു പ്രവൎത്തിക്കേണ്ടിയിരിക്കുന്ന പ്രാചീനകലകളിൽ രസിക്കുവാൻ സാധിക്കുന്നില്ലെങ്കിൽ അതു് ആ കലകളുടെ കുററമല്ല. റഷ്യൻ നോവലുകളുടെ തൎജ്ജമകൾ വായിച്ചു്, ആ മാതൃകയിലുള്ള കൃതികളാണ് ഉത്തമസാഹിത്യങ്ങൾ എന്നു ധരിച്ചുവെച്ചിട്ടുള്ള ഇക്കൂട്ടൎക്കു തുഞ്ചൻ, കുഞ്ചൻ തുടങ്ങിയ പൂൎവ്വകവീന്ദ്രന്മാരുടെ കൃതികളിൽ സാഹിത്യം കാണ്മാൻ കഴിയാത്തതിലും അത്ഭുതപ്പെടുവാനില്ല. ബോൾഷെവിക്ക സാഹിത്യത്തിന്റെ മാതൃകയിൽ, മർദ്ദനം, ദാരിദ്ര്യം, പട്ടിണി, വ്യഭിചാരം, മോഷണം മുതലായിട്ടുള്ള നഗ്നങ്ങളായ സാമുദായികയാഥാൎത്ഥ്യങ്ങളെ അതേപടി വൎണ്ണിക്കുന്ന കൃതികളാണ് ഉൽകൃഷ്ടസാഹിത്യങ്ങളെന്നു വിചാരിക്കുന്നവർ, ആ മാതിരിയിലുള്ള കൃതികൾ ധാരാളം നിൎമ്മിച്ചുകൊള്ളട്ടെ; മററുള്ളവരും അങ്ങിനെയുള്ള കൃതികൾതന്നെ രചിച്ചുകൊള്ളണമെന്നു ശഠിക്കുന്നതാണു പന്തിയാകാത്തതു്. സാഹിത്യത്തിന്റെ കൃത്യം, സമുദായത്തിന്റെ

ഉപരിതലത്തിൽ അപ്പപ്പോഠം പൊന്തുന്ന നീർക്കുമിളുകളും കരിഞ്ചണ്ടികളും നോക്കി വർണ്ണിക്കുകയാണെന്നു സിദ്ധാന്തിക്കുന്നതാണബദ്ധം. സാഹിത്യകലയെ സോഷ്യലിസത്തിൻെറ 'ദാസീകൃത്യമെടുപ്പാൻ ശാസിക്കുന്ന' 'ദുശ്ശാസന'ത്വം ഒരുവക 'ഹെററലറിസ'മല്ലാതെ മറെറാന്നുമല്ല: സോവിയററഷ്യ കുറച്ചുകാലം സാഹിത്യത്തെക്കൊണ്ടു് സോഷ്യലിസത്തിനു് ദാസ്യം നടത്തിച്ചു നോക്കിയിട്ടു്, പിന്നീടതു വേണ്ടെന്നുവെയ്ക്കുകയാണു് ഉണ്ടായതു്. സകലവും മോസ്കോവിൽനിന്നു് നോക്കിപ്പഠിക്കുന്ന നമ്മുടെ നാട്ടിലുള്ള സോഷ്യലിസ്ററുകക്ഷിക്കാർ, ആദ്യം ഒരു 'സാഹിത്യവിപ്ലവപ്രളയം' ഉണ്ടാക്കി കേരളഭൂമിയെ അതിലൊന്നു മുക്കി ശുദ്ധീകരിച്ചതിനുശേഷം, പിന്നീടു വേണ്ടതുപോലെ ചെയ്യാമെന്നു കരുതിയിരിക്കുകയായിരിക്കാം!

സാഹിത്യത്തിൽ 'റിയലിസം' അല്ലെങ്കിൽ യഥാർത്ഥസ്ഥിതിവർണ്ണനം എന്നതു് ആവശ്യംതന്നെയാണെങ്കിലും, അതിലുമുണ്ടു് ഒരതിർത്തി എന്നോർക്കേണ്ടതാണു്. നഗ്നങ്ങളായ വസ്തുസ്ഥിതികളെ അതേരൂപത്തിൽ വിവരിക്കുന്നതു് സാഹിത്യമാവുകയില്ല. ഭാവനാശക്തിയുടെ ശില്പവേല വസ്തുസ്ഥിതിയുടെ നഗ്നതയെ മറച്ചാലേ സാഹിത്യസൌന്ദര്യം ജനിക്കുകയുള്ളൂ. സമുദായത്തിൻെറ പ്രകാശമുള്ള ഭാഗംപോലെതന്നെ ഇരുണ്ട ഭാഗവും സാഹിത്യകാരൻെറ സ്വാതന്ത്ര്യമായ കല്പനാശക്തിക്കു വിഷയമാകാമെങ്കിലും, അവയിൽ ഏതെങ്കിലും ഒന്നുമാത്രമേ ആകാവൂ എന്നു നിർബ്ബന്ധിക്കുന്നതു ശരിയല്ല.

സോഷ്യലിസസിദ്ധാന്തങ്ങളെ അംഗീകരിക്കാത്തവരായിരുന്നാലും, അവരുടെ യോഗ്യതകളേയും, അവർ ചെയ്ത നല്ല പ്രവൃത്തികളേയും അഭിനന്ദിക്കുവാനുള്ള ഒരു സൽബുദ്ധി മിക്ക സോഷ്യലിസ്ററുകാർക്കും ഇല്ലാതെയാണു കാണുന്നതു്. ഇന്ത്യയുടെ രാഷ്ട്രീയസമരരംഗത്തിൻെറ മുന്നണിയിൽനിന്നു പോരാടിയിട്ടുള്ള സകല നേതാക്കന്മാരേയും, അവർ റഷ്യൻസോഷ്യലിസം സ്വീകരിക്കാത്തവരാണെന്ന ഏക കാരണത്താൽ ആക്ഷേപിക്കുവാനും അവർ ചെയ്തിട്ടുള്ള മഹത്തായ രാജ്യസേവനത്തിൻെറ വിലയിടിക്കുവാനും ഇക്കൂട്ടർ ഒരുങ്ങിപ്പുറപ്പെട്ടു കാണുന്നു. ഇന്ത്യയിൽ ഇന്നുണ്ടായിക്കാണുന്ന രാഷ്ട്രീയമായ ഉണർച്ചയ്ക്കും സ്വാതന്ത്ര്യത്തിലുള്ള തൃഷ്ണയ്ക്കും കാരണഭൂതനായിട്ടുള്ളതു് ലോകവന്ദ്യനായ മഹാത്മാഗാന്ധിയാണു്. അടിമത്തത്തിൽ ആണ്ടു്, ആത്മവീര്യം തണുത്തു് മരവിച്ചുപോയിരുന്ന ഇന്ത്യക്കാരുടെ രക്തസിരകളിൽ തീക്ഷ്

ണമായ രാഷ്ട്രീയചൈതന്യം പ്രസരിപ്പിച്ചതു മഹാത്മാ ഗാന്ധിയാണ്. തളൎന്നു മയങ്ങിക്കിടന്നിരുന്ന ഇന്ത്യയുടെ പൌരുഷത്തേയും കൎമ്മശക്തിയേയും ഉയൎത്തെഴുന്നേല്പിച്ചതു് മഹാത്മാഗാന്ധിയാണ്. പ്രാചീനസാഹിത്യങ്ങൾമാത്രം നോക്കിയാൽ കണ്ടെത്തിയിരുന്ന ഇന്ത്യയുടെ ആത്മീയശക്തിപ്രഭാവത്തെ ധൎമ്മധീരങ്ങളായ പ്രവൃത്തികളിൽ പ്രത്യക്ഷപ്പെടുത്തി ലോകത്തെ ധരിപ്പിച്ചതു മഹാത്മാഗാന്ധിയാണ്. ദീനജനൈകബന്ധുവായ ആ ഗാന്ധിപോലും ഈ 'സോഷ്യലിസ്ററു സഖാക്ക'ളുടെ ദൃഷ്ടിയിൽ 'മുതലാളിമനഃസ്ഥിതി'യുള്ള ഒരു 'ബൂർഷ്വാ'യാണ്! അഹിംസയിലും പ്രേമത്തിലും അടിയുറച്ചു നില്ക്കുന്നതും, മർദ്ദിതജനങ്ങൾക്കും സാധുക്കൾക്കും സദാ ശരണമായിരിക്കുന്നതുമായ ഗാന്ധിമതം എന്നതു്, മുതലാളിമാരുടെ നേരെ വിട്ടുവീഴ്ച കാണിച്ച് അവരുടെ പ്രീതി സമ്പാദിക്കുവാനും, ഗവൎമ്മേണ്ടുമായി സന്ധിചെയ്തു് ചില്ലറയായ ആനുകൂല്യങ്ങൾ നേടുവാനും ഒരുക്കമുള്ള ഒരുതരം വേഷംമാറിയ മിതവാദിത്വമാണെന്നാണ് ഇവർ ഇപ്പോൾ കണ്ടുപിടിച്ചിട്ടുള്ളതു്!

സവൎണ്ണജാതിക്കാർ സമുദായത്തിന്റെ താഴ്വരയിൽ മുളച്ചു പൊന്തിയിട്ടുള്ള മുൾച്ചെടികളായി ഗണിച്ചുവരുന്ന അധഃകൃതജാതിക്കാരുടെ അവശതകൾ തീൎക്കുന്നതിനോ, ചൂഷണംകൊണ്ടു് പ്രതിക്ഷണം എന്നപോലെ ധനശക്തി ക്ഷയിച്ചു ദാരിദ്ര്യക്കുണ്ടിൽ പതിച്ചുകൊണ്ടിരിക്കുന്ന ഗ്രാമീണരെ രക്ഷിക്കുന്നതിനോ പ്രായോഗികമായിട്ടൊന്നും ചെയ്യാനില്ലാത്ത സോഷ്യലിസ്ററു കക്ഷിക്കാർ മഹാത്മാഗാന്ധിയുടെ ഹരിജനപ്രസ്ഥാനത്തേയും, ഗ്രാമവ്യവസായസംരക്ഷണശ്രമത്തേയും പുച്ഛിച്ചു നിരൂപണം ചെയ്യുന്നു. ക്ഷേത്രപ്രവേശസംരംഭം ഹിന്തുക്കളുടെ വൎഗ്ഗീയതാല്പൎയ്യത്തെ പാലിക്കുവാനുള്ളതാണെന്നും, ഖദറും ചക്രയും, പാവപ്പെട്ടവൎക്കു ധൎമ്മം യാചിച്ചു നടക്കുവാനുള്ള പിച്ചപ്പാളകളാണെന്നും പറഞ്ഞ് ഇവർ അവയിൽനിന്നും വേർപെട്ടു നില്ക്കുന്നു. സമുദായഘടനയേപ്പററി കാറൽമാൎക്ക്സ് എന്തു പറഞ്ഞിട്ടുണ്ടോ അതുമാത്രമേ ഇവർ വിശ്വസിക്കുകയുള്ളു. റഷ്യയിൽ ലെനിനും സ്റ്റാലിനും എന്തു ചെയ്തുവോ അതുമാത്രമേ ഇന്ത്യയിൽ ഇവർ ചെയ്യാൻ ഒരുക്കമുള്ളു. റഷ്യയിൽ വിപ്ലവകൎത്താക്കൾ ദേഹാദ്ധ്വാനസൂചകമായി ചുററികയുടേയും തുമ്പയുടേയും അടയാളങ്ങൾ ചേൎത്ത ചുകപ്പുകൊടികൾ ഉപയോഗിച്ചതുകൊണ്ടു്, ഇന്ത്യയിലും അതുമാതിരിയുള്ള ചുകപ്പുകൊടികൾ ഇവർ ഉപയോഗിക്കുവാൻ നിശ്ചയിച്ചു. ഇന്ത്യയുടെ ദേശീയപതാക

യായി കോൺഗ്രസ്സ് അംഗീകരിച്ചിട്ടുള്ളതും ചക്രയുടെ ചിഹ്നമുള്ളതുമായ "സ്വരാജ്യക്കൊടി"യുടെ സ്ഥാനത്ത്, റഷ്യൻമാതൃകയിലുള്ള ചുകപ്പുകൊടിതന്നെ തൂക്കിയാലേ ഇവക്കു തൃപ്തിയാകയുള്ളൂ.

ഇന്ത്യയിലെ സോഷ്യലിസ്റ്റ് കക്ഷിക്കാക്കുള്ള ഈ 'മോസ്ക്കോഭ്രമം' മററുള്ള രാജ്യങ്ങളിലെ സോഷ്യലിസ്റ്റ് കക്ഷിക്കാക്കുള്ളതായിക്കാണുന്നില്ല. അടുത്ത കാലത്ത്, സ്പെയിനിലും ഫ്രാൻസിലും, ബെൽജിയത്തിലും പ്രാബല്യത്തിൽ വന്നിട്ടുള്ള സോഷ്യലിസ്റ്റ് കക്ഷിക്കാർ കണ്ണും ചിമ്മി റഷ്യയെ അനുകരിക്കുന്നില്ലെന്നാണു കാണുന്നത്. അതാതു രാജ്യങ്ങളുടെ സ്ഥിതിയ്ക്കനുസരിച്ച്, അവിടങ്ങളിലുള്ള സാമ്പത്തികകുഴപ്പങ്ങൾ തീക്കുവാൻ ശ്രമിക്കുകയേ അവർ ചെയ്യുന്നുള്ളൂ. മതത്തേയും ഭൂതകാലചരിത്രത്തേയും പോക്കുവിളിക്കുവാനൊന്നും അവർ ഉദ്യമിച്ചു കാണുന്നില്ല.

ഇന്ത്യയ്ക്കിന്ന് എല്ലാററിനും ഉപരി ആവശ്യമായിട്ടുള്ളതു രാഷ്ട്രീയസ്വാതന്ത്ര്യമാണ്. രാഷ്ട്രീയസ്വാതന്ത്ര്യം ലഭിച്ചുകഴിഞ്ഞാൽപ്പിന്നെ സാമ്പത്തികസ്വാതന്ത്ര്യവും സാമുദായികസ്വാതന്ത്ര്യവും സമ്പാദിക്കുവാൻ വലിയ പ്രയാസമൊന്നും ഉണ്ടാവുകയില്ല. സമ്പത്തിൻെറ ഉല്പാദനവിതരണങ്ങളിലുള്ള ക്രമക്കേടുകൾ നീക്കി, സാധുക്കളുടെ കഷ്ടപ്പാടു തീപ്പാനും, രാജ്യത്തിൻെറ പൊതുവേയുള്ള സമ്പൽസ്ഥിതിയെ അഭിവൃദ്ധിപ്പെടുത്തുവാനും സോഷ്യലിസം നിർദ്ദേശിക്കുന്ന മാർഗ്ഗങ്ങൾ പലതും ഇന്ത്യയ്ക്കു ഉപയോഗിച്ചുനോക്കാവുന്നതാണ്. കഷികന്മാരും ജന്മികളും തമ്മിലും, തൊഴിലാളികളും മുതലാളികളും തമ്മിലും ഘോരമായ ഒരു ഘട്ടനം ഉണ്ടാകുവാനിടയാകാത്തവിധത്തിൽ ധനത്തിൻെറ ഉല്പാദനവിതരണങ്ങളെ ക്രമപ്പെടുത്തി, സമുദായത്തിനു പൊതുവേ ഐശ്വര്യവും ക്ഷേമവും ഉണ്ടാക്കിത്തീക്കുവാൻ ഉതകുന്ന ഒരു ഏപ്പാടാണ് ഇന്ത്യയ്ക്കു ആവശ്യമായിട്ടുള്ളതു്. സോഷ്യലിസം എന്ന് അതിന്നു പേർ പറയാമെങ്കിൽ, ആ പേരുതന്നെ ഉപയോഗിക്കുവാനും വിരോധമില്ല; രാജ്യത്തുള്ള ധനാഗമമാർഗ്ഗങ്ങൾ മുഴുവൻ ഏതാനും ചിലരുടെ മാത്രം അധീനതയിൽപ്പെട്ടു കിടക്കുകയും, അതിൻെറ ഫലമായി, സമുദായത്തിലുള്ള അധികപക്ഷം ജനങ്ങളും എന്നും ദാരിദ്ര്യവും പട്ടിണിയുമായി കഴിഞ്ഞുകൂടുകയും ചെയ്യുക എന്ന നില എങ്ങിനെയായാലും അവസാനിച്ചേ കഴിയൂ.

ഇന്ത്യയുടെ ഇന്നത്തെ സാമ്പത്തികാലടനാസമ്പ്രദായത്തെ

ഉടച്ചുവാൎക്കുന്നതിന് ഇന്ത്യയുടെ പാരമ്പൎയ്യസംസ്കാരവും പൂൎവ്വചരിത്രവും നിശ്ശേഷം അങ്ങോട്ടു നശിപ്പിക്കണമെന്നൊന്നുമില്ല. പൂൎവ്വികന്മാരുടെ വിലപിടിച്ച നേട്ടങ്ങളെ മുഴുവൻ തട്ടിത്തകൎത്തുകളഞ്ഞിട്ടുവേണം ഇന്നുള്ളവൎക്ക് പുതുതായി വല്ലതും നേടിവെയ്ക്കുവാൻ എന്നു വരുന്നതു കഷ്ടവും കഠിനവുമാണ്. ഇന്ത്യയിൽ വളൎന്നുവരുന്ന നാഷണലിസത്തിന്റെ രക്ഷയ്ക്ക് ഇന്ത്യയുടെ പൂൎവ്വകാലമഹിമയെക്കുറിച്ചുള്ള ബോധവും അഭിമാനവും നിലനിൎത്തുന്നതു തുലോം ആവശ്യമത്രേ. സ്വരാജ്യസ്നേഹത്തെപ്പോലെതന്നെ സ്വരാജ്യാഭിമാനവും നാഷണലിസത്തിന്റെ വളൎച്ചയ്ക്കുള്ള ദോഹദമാണെന്ന വസ്തുത വിസ്മരിച്ചുകൂട. പൂൎവ്വകാലത്തിന്റെ പെരുമയെപ്പററി വൃഥാ വാഴ്ത്തിക്കൊണ്ടിരിക്കുകമാത്രം ചെയ്യാൽപ്പോര എന്നും, വൎത്തമാനകാലത്തിന്റെ സ്ഥിതികളെ സൂക്ഷ്മമായി മനസ്സിലാക്കി അവസ്ഥാനുസരിച്ചു പ്രവൎത്തിക്കണം എന്നും ഉള്ളതിനു സംശയമില്ല. ഭൂതകാലത്തിന്റെ സൌഭാഗ്യത്തെപ്പററി കേവലം അയവിറത്തിരുന്നതുകൊണ്ടുമാത്രം ഒരു രാജ്യത്തിനും ശോഭനമായ ഒരു ഭാവിയെ സൃഷ്ടിക്കുവാൻ സാധിക്കുന്നതല്ല. പണ്ടത്തെ മഹിമയെക്കുറിച്ചുള്ള അഭിമാനം, മേലിലും അതിനെ ഉണ്ടാക്കിത്തീൎക്കുവാനുള്ള പരിശ്രമമായിപ്പരിണമിച്ചാൽ മാത്രമേ അതുകൊണ്ടു പ്രയോജനമുള്ളു.

ഇന്ത്യയിൽ സോഷ്യലിസം പ്രയോഗിച്ചുനോക്കുവാൻ ഉത്സാഹിക്കുന്നവർ ഈവക സംഗതികൾ നല്ലപോലെ ആലോചിക്കേണ്ടതാണ്. ശക്തിമത്തായ ഒരു സംഘടിതഭരണാധികാരത്തിന്റെ കീഴിൽ വൎത്തിക്കുന്നതും, മതത്തിനും പാരമ്പൎയ്യസംസ്കാരത്തിനും വലിയ സ്വാധീനശക്തിയുള്ളതുമായ ഇന്ത്യയെപ്പോലെയുള്ള ഒരു നിരായുധമായ രാജ്യത്തിൽ, റഷ്യയിലെപ്പോലെ ജനങ്ങളെ സംഘടിപ്പിച്ച്, ആയുധപ്രയോഗം വേണ്ടിവരുന്ന ഒരു 'രക്തവിപ്ലവം' ഉണ്ടാക്കിത്തീൎക്കുന്നതു സാദ്ധ്യമോ സമുചിതമോ അല്ല. ഇന്ത്യയിൽ പ്രയോഗിക്കുവാൻ സാധിക്കുന്നവയും, പ്രയോഗിച്ചാൽ ഗുണം ഉണ്ടാകുന്നവയുമായ പദ്ധതികൾ മാത്രമേ പ്രയോഗിപ്പാൻ ശ്രമിയ്ക്കേണ്ടതുള്ളു. ഇന്ത്യയുടെ നിലയും, ഇന്ത്യയുടെ ആവശ്യവും എന്താണെന്നു ശരിയായറിഞ്ഞിട്ടുവേണം, അന്യരാജ്യങ്ങളിൽനിന്നു പഠിക്കുന്ന പാഠങ്ങൾ ഇന്ത്യയിൽ പ്രയോഗിച്ചുനോക്കുവാൻ.

# വിപ്ലവപ്ലവം.

— വി. കൊച്ചുകൃഷ്ണൻനായർ.

രത്നം എന്റെ ഹൃദയമാകെ കവൎന്നെടുത്ത നാരീരത്നമാണ്. മനോമോഹിനിയായ അവളെ എന്റെ മനഃക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചു പൂജിച്ചുതുടങ്ങിയിട്ട് ഏതാനും കൊല്ലങ്ങൾ കഴിഞ്ഞിരിക്കുന്നു. പല ദുൎഘടസരണികളേയും തരണംചെയ്തു ഞങ്ങളുടെ പരസ്പരപ്രണയം ഇതാ അതിന്റെ ഉദ്ദിഷ്ടസ്ഥാനത്തു് എത്തിച്ചേരുവാൻപോകുന്നു. ഞങ്ങളുടെ പ്രണയവല്ലരി പുഷ്പിതയാകാൻ പോകുന്ന നാളത്തെ രാത്രിയിലെ പത്തുമണിക്കുള്ള ശുഭമുഹൂൎത്തത്തേയും, ആ സൗന്ദൎയ്യധാമത്തേയും ധ്യാനിച്ചുകൊണ്ട് ഞാൻ എന്റെ മുറിയിലുള്ള ഒരു ചാരുകസേരയിൽ കിടക്കുകയായിരുന്നു. മധുരധ്യാനനിമഗ്നനായിരുന്ന ഞാൻ മുറിയിലെ നാഴികമണി പത്തു് എണ്ണുന്നതു കേട്ട് പെട്ടന്നുണൎന്നു. ഇത്ര അരസികമായ ആ മണിയുടെ നാക്ക് പിഴുതെടുക്കുവാനുള്ള കോപം എനിക്കുണ്ടായി. മണിയുടെ മന്ദഗമനമോൎത്തപ്പോൾ എന്റെ കോപമൊന്നിരട്ടിച്ചു. ആ കോപം കൎമ്മോന്മുഖമാകാൻ തുടങ്ങിയപ്പോഴേയ്ക്കും ഒരു കടലാസുകഷണം എന്റെ പുരോഭാഗത്തു് പറന്നുവീണു. അതു പറപ്പിച്ച ദേഹത്തെ തേടി നാലുപുറവും നോക്കിയിട്ട് വിഫലമായതേയുള്ളു. തൽക്ഷണം മണിയുടെ കാൎയ്യം വിസ്മൃതമായി. കത്തെടുത്തു് അതിലെഴുതിയിരിക്കുന്നതെന്തെന്നു നോക്കുവാൻ തുടങ്ങി. അതിങ്ങനെയായിരുന്നു.

"ഇപ്പോൾ രാത്രി പത്തുമണിയായിരിക്കുന്നു. 12-15ന് നിങ്ങളുടെ വധുവാകാൻ പോകുന്ന രത്നമ്മയെ ഞാൻ അപഹരിക്കും. പ്രണയസമുദ്രത്തിൽ മുങ്ങിക്കുഴങ്ങുന്ന നിങ്ങളുടെ കൎത്തവ്യസരണിയിലുള്ള ഈ വിഘ്നങ്ങളെ നീക്കേണ്ടതു് എന്റെ ചുമതലയാകുന്നു. നിങ്ങൾ ഇപ്പോൾ തന്നെ പുറപ്പെട്ടാൽ അവളെ രക്ഷിക്കാൻ കഴിഞ്ഞില്ലെങ്കിലും പിന്തുടരാൻ സാധിക്കും.

എന്നു, എ. ബി. സി. ഡി. (ഒപ്പ്)

ആശാസൗധം പാടെ ഇടിഞ്ഞുവീണു. ഞാൻ അതിനടിയിൽ കിടന്നു് ഞെരുങ്ങിത്തുടങ്ങി. എങ്കിലും പെട്ടെന്നു് പ്രണയശക്തി എന്നെ പിടിച്ചെഴുന്നേല്പിക്കയാൽ പുറത്തിറങ്ങി പതിനഞ്ചു നാഴിക ദൂരമുള്ള രത്നഗേഹത്തിലേയ്ക്കു പാഞ്ഞു. അത്രയും ദൂരം അതിശീഘ്രം അവിശ്രമമായി എനിക്കോടുവാൻ സാധിച്ചു. ഗേഹത്തിന്റെ ഗേറ്റ് സമീപിച്ചതോടുകൂടി ഹാ! ഒരു സ്ത്രീയെ കെട്ടി എടുത്തുകൊണ്ട് ചില ഭീമകായ

ന്മാർ എതിരെ വരുന്നു. ഇതികർത്തവ്യതാമൂഢനായ ഞാൻ അവരെ നിർന്നിമേഷം നോക്കി കുറെ നേരം നിന്നുപോയി. ഏകനായി എതിർത്താൽ ആ കാലകിങ്കരന്മാർ എന്നെ നിഷ്പ്രയാസം നിഗ്രഹിക്കും. സങ്കേതസ്ഥലത്തു ചെന്നാൽ പാദപ്രണാമം ചെയ്തു് ഏ. ബി. സി. ഡിയിൽ നിന്നു് പ്രിയയുടെ പ്രാണനെ രക്ഷിക്കാൻ സാധിച്ചെങ്കിലോ എന്നുള്ള ആശയാൽ പ്രേരിതനായി ഞാൻ അവരെ അനുഗമിച്ചു. പാദവ്യഥ വകവയ്ക്കാതെ കല്ലും മുള്ളും ചവിട്ടി, കുണ്ടും കുഴിയും കടന്നു്, ആറും തോടും നീന്തി സഞ്ചരിച്ച ആ കാളരാത്രിയുടെ ദൈർഘ്യം വാചാമഗോചരമായിരുന്നു.

പ്രഭാതം പ്രത്യക്ഷമായതോടുകൂടി ഞങ്ങൾ വനമദ്ധ്യത്തിലുള്ള ഒരു വലിയ സൗധത്തിൻെറ വാതലിൽ ചെന്നെത്തി. ആ കെട്ടിടത്തിൻെറ ദ്വാരത്തിൽ രണ്ടു പടയാളികൾ കാവൽനിൽക്കുന്നുണ്ടായിരുന്നു. ബോധവിഹീനയായ 'രത്ന'ത്തെ വഹിച്ചിരുന്ന മഞ്ചൽ നിർബ്ബാധം അകത്തു പ്രവേശിച്ചു. അതിനെ തുടൎന്നു് അകത്തു കടക്കാൻ തുടങ്ങിയ എന്നെ ദ്വാരപാലകർ ഹസ്തസ്ഥിതമായ തോക്കുകളുടെ അഗ്രംകൊണ്ടു് കുത്തിത്തടുത്തു നിർത്തി. 'അദ്ധ്യാ' എന്നുള്ള എൻെറ ആർത്തസ്വരം കേട്ടമാത്രയിൽ അവർ കോപമൂർത്തികളായി എന്നെ ലാക്കാക്കി തോക്കിലെ നിറ ഒഴിക്കുവാൻ ഉദ്യമിച്ചു. അതു കണ്ടതും ബോധവിഹീനനായി ഞാൻ താഴെ മറിഞ്ഞതും ഒന്നിച്ചു കഴിഞ്ഞു.

വെടിയുണ്ടയേററ മരിച്ച എനിക്കു് പിന്നീടു് ഒരുണൎച്ചയുണ്ടായി. മരണാനന്തരമുള്ള ഉണൎച്ചയാണതെന്നു് ആത്മാവിനു ബോധ്യപ്പെട്ടു. കണ്ണുതുറന്നു് നാലുപാടും നോക്കിയപ്പോൾ വിസ്മയാധീനനായിത്തീൎന്നു. അതിവിശേഷമായി അലംകൃതമായ ഒരു മണിമന്ദിരത്തിൻെറ അന്തർഭാഗത്തു് ഒരു പൂമൂട്ടമെത്തയിൽ ശയിക്കയായിരുന്നു ഞാൻ. സുഗന്ധപൂരിതവും സ്വച്ഛസുഭഗവും ആയ ആ രമ്യസദനത്തെ ഞാൻ പകച്ചുനോക്കിത്തുടങ്ങി.

നരകത്തിലല്ല ഞാൻ കിടക്കുന്നതെന്നു് ബോദ്ധ്യപ്പെട്ടതിനാൽ അനല്പമായ ആശ്വാസം ലഭിച്ചു. ദിവ്യപ്രഭയാൽ കണ്ണഞ്ചിക്കുന്ന ആ പ്രദേശം തീൎച്ചയായും സ്വൎഗ്ഗമായിരിക്കണം എന്നു ഞാൻ തീരുമാനിച്ചു. മരണാനന്തരം സ്വൎഗ്ഗവാസം ലഭിക്കാനുള്ള പുണ്യമൊന്നും ചെയ്തതായി എനിക്കറിവില്ല. പക്ഷേ പുണ്യപാപങ്ങളുടെ മാനദണ്ഡം നാം വിചാരിക്കുന്നതുപോലെയല്ലായിരിക്കാം. ഏതായാലും ഞാൻ ഒരു പുണ്യാത്മാവാണെന്നുള്ള സംഗതി എനിക്കു് സംതൃപ്തി ഉളവാക്കി.

വിശാലമനോഹരമായ ആ പ്രദേശം മുഴുവൻ ഞാൻ സശ്രദ്ധം സൂക്ഷിച്ചുതുടങ്ങി. ഇതാ ഒരു ഉത്തുംഗസിംഹാസനത്തിൽ ഇന്ദ്രഭഗവാൻ വിജയിച്ചരുളുന്നു. ചില ദേവനാരികൾ വെൺചാമരം വീശുന്നു. പല ദേവന്മാരും അവിടവിടെ ഓരോന്നു മന്ത്രിച്ചുകൊണ്ടിരിക്കുന്നു. അപൂർവ്വം ചിലർ കാര്യവ്യഗ്രരായി കാണപ്പെടുന്നു. ഇവരെന്താണ് മനുഷ്യരിൽനിന്ന് വ്യത്യസ്തരായി കാണപ്പെടാത്തതെന്ന് എനിക്കു വലുതായ ആശങ്കയുണ്ടായി. എന്നെപ്പോലുള്ള പുണ്യാത്മാക്കൾ ആണല്ലോ ദേവന്മാരായിത്തീരുന്നതെന്ന് സമാധാനവും തോന്നി.

എങ്ങിനെയോ 'രത്ന'ത്തിൻെറ സ്മരണയുദിക്കയാൽ എൻെറ ആനന്ദവും സംതൃപ്തിയുമെല്ലാം അസ്തമിച്ചു. 'രത്ന'മില്ലാത്ത സ്വർഗ്ഗം ആർക്കു വേണം? ആ ചോരന്മാരുടെ ഘോരഹസ്തങ്ങളിൽ അവൾ കിടന്നു പിടയുമ്പോൾ എങ്ങിനെയാണ് എനിക്കു സ്വർഗ്ഗസുഖം അനുഭവമാകുന്നത്? നരകത്തിലേ എനിക്കാശ്വാസം ലഭിക്കുകയുള്ളുവെന്നു ഞാൻ തീർച്ചപ്പെടുത്തി. തൽക്ഷണം മെത്തയിൽനിന്നും എഴുന്നേററ് ഇന്ദ്രസവിധത്തിലേക്കു വിനയാനചിതനായി അണഞ്ഞു. ആയുധപാണികളായി അണിനിരന്ന ദേവന്മാരുടെ ഘോരായുധങ്ങളോ ചുരുട്ടിയ മുഷ്ടികളോ, ക്രൂരദൃഷ്ടികളോ ഒന്നുംതന്നെ എന്നെ തടുക്കുകയുണ്ടായില്ല. പ്രത്യുത, അവരെല്ലാം എന്നെ നോക്കി പുഞ്ചിരി പൊഴിച്ചുകൊണ്ടിരുന്നു. തന്നിമിത്തം ഞാൻ സധൈര്യം ഇന്ദ്രഭഗവാനെ സമീപിച്ചു സാഷ്ടാംഗപ്രണാമം ചെയ്തു. ഉടനെ ഇന്ദ്രകല്പനയനുസരിച്ച് ഒരു സേവകൻ എന്നെ പിടിച്ചെഴുന്നേല്പിച്ചു. ഞാൻ അശ്രുപ്രവാഹത്തോടെ കൈ കൂപ്പി നിലയായി. ഇന്ദ്രഭഗവാൻ സാനുകമ്പം ചോദിച്ചു.

"എന്താണ് വിഷാദകാരണം?"

ഞാൻ—ഭഗവൻ! അടിയനെ നരകത്തിലേക്കയക്കാൻ തിരുവുള്ളമുണ്ടാകണം."

ഇന്ദ്രൻ—(സാശ്ചര്യം) 'എന്ത്? നരകത്തിലേക്കോ? തനിക്കു ഭ്രാന്താണ്. സ്വർഗ്ഗലാഭത്തിനായി മനുഷ്യൻ എത്രമാത്രമാണ് ആഗ്രഹിക്കുന്നത്, കഷ്ടപ്പെടുന്നത്. അതു ലഭിച്ചിട്ടു വേണ്ടെന്നു പറയുന്നോ?

ഞാൻ—സ്വാമി! എനിക്കീസ്വർഗ്ഗം നരകമാണ്. തിരുവുള്ളമുണ്ടായി അടിയനെ നരകത്തിലേക്കയക്കണേ!

ഇന്ദ്രൻ—(സാനുകമ്പം) എടോ തന്റെ ഭ്രാന്തിന്റെ കാരണം എന്താണെന്നു ഞാൻ കേൾക്കട്ടെ.

ഞാൻ—അടിയന്റെ പ്രേമപാത്രമായ 'രത്ന'ത്തിനെക്കൂടാതെയുള്ള സ്വർഗ്ഗം അടിയനു നരകമാണു്.

ഇന്ദ്രൻ—(പൊട്ടിച്ചിരിച്ചുകൊണ്ടു്) ശരി. ശരി. ഒരു മനുഷ്യസ്ത്രീയാണു് തന്നെ ഭ്രാന്തു പിടിപ്പിച്ചിരിക്കുന്നതു് അല്ലേ? അതിൽ വിഷാദിക്കേണ്ട. ഈ നില്ക്കുന്ന ദേവാംഗനകളിൽ ഒരുവളെ തനിക്കു തന്നേക്കാം.

ഞാൻ—ദേവാ! ഉർവ്വശിയും മേനകയും ഒന്നും എനിക്കാവശ്യമില്ല. 'രത്ന'ത്തിനുമാത്രമേ എന്റെ ഹൃദയത്തിൽ പ്രവേശനമുള്ളു.

ഇന്ദ്രൻ—ഓഹോ! താൻ മഹാ ദുശ്ശാഠ്യക്കാരൻതന്നെ. ഇവരെ എല്ലാവരേയും സൂക്ഷിച്ചു നോക്കുക. പക്ഷേ രത്നത്തിനേയും ഈ കൂട്ടത്തിൽ കാണാൻ സാധിക്കും.

രത്നമെന്ന നാമം കേട്ടപ്പോൾ എനിക്കു് ഒന്നു നോക്കുവാൻതന്നെ തോന്നി. ഓരോ മുഖവും ഞാൻ നല്ലപോലെ പരിശോധിച്ചു. ഹാ! എന്തു പറയട്ടെ, എന്റെ രത്നം ആ കൂട്ടത്തിൽ നില്ക്കുന്നുണ്ടു്. അവളുടെ കയ്യിലും ഒരു വെൺചാമരം ഇരിക്കുന്നു. ആ കാഴ്ച എന്റെ ഹൃദയത്തിൽ ഒരു കൂരമ്പു തറച്ചു. സ്ഥലവും സ്ഥാനവും വിസ്മരിച്ചുകൊണ്ടു് ഇന്ദ്രന്റെ നേരെ ഞാൻ ക്രൂരമായൊന്നു നോക്കി. ഇന്ദ്രൻ അചഞ്ചലനായിരുന്നു മന്ദഹസിച്ചുകൊണ്ടു ചോദിച്ചു:

"തനിക്കു നരകത്തിൽ പോണോ? ഇവരിൽ ഒരുവളെ സ്വീകരിക്കണോ?"

ഞാൻ—(സരോഷം) അങ്ങു ചെയ്യുന്നതു തിരെ മര്യാദയായില്ല. എന്റെ രത്നത്തിനെക്കൊണ്ടു വെൺചാമരം പിടിപ്പിച്ചുവോ?

ഇന്ദ്രൻ—(ഉറക്കെ ചിരിച്ചുംകൊണ്ടു്) എടോ തനിക്കു ഭ്രാന്തു മുഴുത്തു. ദേവസ്ത്രീകളെല്ലാം എനിക്കനുഭവത്തിനുള്ളവരാണു്. തന്റെ രത്നമെന്നും മററും പറഞ്ഞാൽ അതു വെറും ഭ്രാന്തജല്പനം മാത്രമായിരിക്കും.

അശക്തനും അശരണനുമായ ഞാൻ എന്താണു ചെയ്യുക? ഇന്ദ്രപാദങ്ങളിൽ വീണ്ടും പ്രണാമം ചെയ്തു. 'രത്നത്തിനെ എനിക്കു വിട്ടുതരണം' എന്നു പ്രാർത്ഥിച്ചു. ഇന്ദ്രൻ സകരുണം അവളുടെ നേരെ കണ്ണു കാണിക്കയും അവൾ ഓടിവന്നു് എന്നെ ആലിംഗനംചെയ്കയും ചെയ്തു. അപ്പോഴത്തെ ആനന്ദനിർവൃതിയെക്കുറിച്ചു് എന്താണു് പറയുക? എത്ര നേരം ആശ്ലിഷ്ടശരീരരായി ഞങ്ങൾ കഴിഞ്ഞുകൂടിയെന്നു് എനി

സ്ഥോമ്മയില്ല. പക്ഷേ സുഖാനുഭവത്തിന്നു് ആയുർദ്ദൈർഘ്യമില്ലല്ലോ. ഇതാ ഇന്ദ്രാജ്ഞ പുറപ്പെട്ടന്നു: "രത്നമേ! വസതിയിലേയ്ക്കു പോകുക."

അവൾ ഝടതിയിൽ വിവർണ്ണവദനയായി തിരിഞ്ഞുനടന്നു. ഞാൻ ഇതികർത്തവ്യതാവിമൂഢനായി അല്പനേരം നോക്കിനിന്നു. അനന്തരം ദേവരാജകരുണയ്ക്കായി അഭ്യർത്ഥിച്ചു. ആ മുഖം നിശ്ചലമായിരുന്നതിനാൽ ഞാൻ രത്നത്തിനെ അനുഗമിയ്ക്കുവാൻ തുടങ്ങി. തൽക്ഷണം ചില ഭീമകായന്മാർ എന്നെ തടഞ്ഞുനിർത്തി.

വിച്ഛിന്നശൃംഖലാബദ്ധനായ എനിയ്ക്കു് ഒന്നുകൂടി മരിച്ചാൽകൊള്ളാമെന്നു് വലുതായ ആശ ജനിച്ചു. അതസാദ്ധ്യമാകയാൽ രത്നത്തിന്റെ സാമീപ്യംതന്നെ സായൂജ്യം എന്നു സമാധാനിച്ചു് ഒരിടത്തു് ഇരിപ്പായി. അധികം താമസംകൂടാതെ ഇന്ദ്രൻ സിംഹാസനത്തിൽനിന്നും എഴുന്നേററു് എന്റെ സമീപത്തേയ്ക്കു വന്നു. ഞാൻ പിടഞ്ഞെഴുന്നേററു് കൈകൂപ്പിക്കൊണ്ടു് 'രത്നത്തെ എന്നിൽനിന്നും അകററരുതേ' എന്നു് പ്രാർത്ഥിച്ചു. അദ്ദേഹം സഗൌരവം അരുളിച്ചെയ്തു.

"എടോ! എപ്പോഴും രത്നം രത്നം എന്നു ജപിച്ചുകൊണ്ടിരിക്കുന്ന താൻ ഒരു പുരുഷനാണോ? തനിയ്ക്കു മറെറാരു കൃത്യവും സാധിക്കേണ്ടതായിട്ടില്ലേ? തന്റെ രത്നത്തിന്നു് തന്നേക്കാൾ പുരുഷത്വമുണ്ടു്. ആകട്ടെ, എന്നെ ഒന്നു നല്ലവണ്ണം സൂക്ഷിച്ചുനോക്കുക. ആ സ്വരം എനിയ്ക്കു് അതിപരിചിതമെന്നു തോന്നി. അല്പമൊന്നു സൂക്ഷിച്ചപ്പോൾ ആ മുഖം എനിയ്ക്കു പരിചയമുള്ളതാണെന്നു മനസ്സിലായി. എങ്കിലും ഞാൻ മൌനഭഞ്ജനം ചെയ്തില്ല. ആൾ വീണ്ടും പറഞ്ഞു:

"ഇന്ദ്രസേൻ! ചിത്തഭ്രമം നീങ്ങിയില്ലേ! താൻ എന്നെ അറിയുകയില്ലേ? തനിക്കൊന്നു മനുഷ്യനാകാൻ സാധിക്കയില്ലേ?.

ഞാൻ — ഹാ! ഇതു് എന്റെ സതീർത്ഥ്യനും സ്നേഹിതനുമായ ചന്ദ്രദേവു് ആണല്ലൊ.

ചന്ദ്രദേവു് — തനിക്കു ബോധംവീണു. താൻ എന്നെ അറിഞ്ഞു. അനന്തരം അയാൾ എന്റെ കൈകൾ കടന്നു പിടിച്ചുകൊണ്ടു് മുഖത്തു നോക്കി സഗൌരവം പറഞ്ഞു.

"ഇന്ദ്രസേൻ! നിങ്ങളെ എനിക്കാവശ്യമുള്ളതുകൊണ്ടു് ഇവിടെ വരുത്തിയതാണു്"

എനിക്കിപ്പോൾ ബോദ്ധ്യപ്പെട്ടു ഇയാൾ ഇന്ദ്രനല്ലെന്നും ഇവിടം സ്വർഗ്ഗമല്ലെന്നും; അതുപോലെ തന്നെ എന്റെ രത്നം അവിടെയുണ്ടെ

ന്നും ഞാൻ മരിച്ചിട്ടില്ലെന്നും; എങ്കിലും പല പല സംശയങ്ങളും ബാക്കിയായിരുന്നു. ഞാൻ ചോദിച്ചു:

"സ്നേഹിതാ! നിങ്ങൾ ഇപ്പോൾ ആരാണ്.?

ചന്ദ്രദേവ്— എടോ! ഞാൻ ഇപ്പോൾ ഒരു യഥാൎത്ഥമനുഷ്യൻതന്നെയാണ്. തന്നെപ്പോലെ ഭീരുവല്ല. 'രണം, രണം' എന്നെല്ലാം പുലമ്പിക്കൊണ്ടു നടക്കുന്ന വിഷയലമ്പടനല്ലാ. നട്ടെല്ലു വളയാത്ത നല്ല പുരുഷന്മാരെയാണ് ആവശ്യം, കഷ്ടം! സാധു! താൻ ഇങ്ങിനെയായല്ലോ.

ഞാൻ—മാന്യസുഹൃത്തേ, എന്നെ ഇനിയും ഭ്രമിപ്പിക്കാതെ കാൎയ്യം പറയൂ? നിങ്ങൾ ഇപ്പോൾ ആരാണ്? നിങ്ങൾക്കെന്താണാവശ്യം?

ചന്ദ്രദേവ്— കേൾക്കു മനുഷ്യാ! തനിക്ക് കഴിഞ്ഞ രാത്രി പത്തുമണിക്ക് കിട്ടിയ കത്ത് ആരുടേതായിരുന്നു?

ഞാൻ— അതിൽ പേരില്ലല്ലോ. ഏ. ബി. സി. ഡി. എന്നൊരു കള്ളപ്പേരെഴുതിയിരുന്നു.

ചന്ദ്രദേവ്—കള്ളപ്പേരോ? തന്റെ ബുദ്ധി രണത്തിനു പണയം വച്ചിരിക്കയാണ്. ഏ. ബി. ചന്ദ്രദേവ് എന്നതിന്റെ ചുരുക്കപ്പേരൊന്നു കേൾക്കട്ടെ.

ഞാൻ—അയ്യോ! ദ്രോഹി! എന്റെ സ്നേഹിതനും സതീൎത്ഥനും ആയ താനാണോ എന്നെ നശിപ്പിക്കയും അപമാനിക്കയും ചെയ്യുന്നത്. കഷ്ടം! കഷ്ടം! ഇതോ സഹോദരസ്നേഹം!

ചന്ദ്രദേവ്—താൻ അധികമൊന്നും പ്രസംഗിക്കേണ്ടതില്ല. സ്നേഹം നവനീതസമം മൃദുവാണെങ്കിൽ എനിക്കതുവേണ്ട. തനിക്ക് ഇങ്ങോട്ടു സ്നേഹം എത്രയുണ്ടെന്നും എനിക്കറിയണം. തന്നെ ഇതുവരെയും ഞാൻ ദ്രോഹിച്ചിട്ടില്ല.

ഞാൻ—നിങ്ങൾ എന്റെ പ്രാണസൎവ്വസ്വത്തെ അപഹരിച്ചതു ദ്രോഹമല്ലായിരിക്കാം.

ചന്ദ്രദേവ്—അവൾക്ക് യാതൊരുപദ്രവവും ഇതുവരെ ഉണ്ടായിട്ടില്ല. നിങ്ങളെ ഇവിടെ വരുത്തുവാൻ വേണ്ടിയാണ് അങ്ങിനെ പ്രവൎത്തിച്ചതു്.

ഞാൻ— ആവശ്യപ്പെട്ടാൽ ഞാൻ വരികയില്ലേ?

ചന്ദ്രദേവ്—തീൎച്ചയായും ഇല്ല.

ഞാൻ—ആകട്ടെ, നിങ്ങൾ മനുഷ്യഹൃദയംപോലുമില്ലാതെ തോക്കുകൊണ്ടു കുത്തിക്കയും വെടിവയ്പിക്കയും ചെയ്യുതോ?

ചന്ദ്രദേവ്:—സാധു മനുഷ്യാ! താൻ കുത്തുകൊണ്ടോ? എവിടേയാണ് അടയാളം! വെടിയേററോ? പിന്നെയെങ്ങിനെയാണ് ഇപ്പോഴും ജീവിച്ചിരിക്കുന്നതു് തന്റെ ഭീരുത്വത്തിന്റെ ആഴമെത്രയുണ്ടെന്നറിയാൻ വേണ്ടി അങ്ങിനെയൊക്കെ അഭിനയിക്കുവാൻ ഏർപ്പാടു ചെയ്തിരുന്നതാണ്. താൻ അതു് യഥാർത്ഥമായി അനുഭവിച്ചു. സ്വർഗ്ഗത്തിലുമെത്തിക്കഴിഞ്ഞു. പ്രണയഭ്രാന്തനായി നരകത്തിലേയ്ക്കു പാസ്പോർട്ടും ആവശ്യപ്പെട്ടു. അതെല്ലാമോർത്തു് ഇപ്പോഴും ലജ്ജിക്കുന്നില്ലെങ്കിൽ കഷ്ടംതന്നെ.

ഞാൻ:—സ്ത്രീദ്വേഷിയായ നിങ്ങളെ സ്ത്രീകൾ പരിചരിച്ചുകൊണ്ടിരുന്നതിന്റെ അർത്ഥമെന്തു്?

ചന്ദ്രദേവ്—സഹോദരാ! ഇനിയും നിങ്ങൾക്കു സംശയമോ? നിങ്ങളെ പരീക്ഷിച്ച ഒരു നാടകരംഗമാണതു്. ആ വനിതകൾ എന്നെ ആത്മാർത്ഥമായി സഹായിക്കുന്ന സഹോദരികളാണ്. നിങ്ങളുടെ പ്രണയിനിയും അതിൽ പങ്കുകൊണ്ടു എന്നുമാത്രം. നിങ്ങൾ രത്നമ്മയെപ്പററി ഇതുവരേയും അറിഞ്ഞു കഴിഞ്ഞിട്ടില്ല. അവൾ പനിനീർ പൂവാണെന്നു നിങ്ങൾ വിചാരിക്കുന്നു. ചെമ്പകപ്പൂവാണെന്നു ഞാൻ ക്ഷണത്തിൽ മനസ്സിലാക്കിക്കഴിഞ്ഞു.

ചന്ദ്രദേവിന്റെ ബുദ്ധിശക്തിയേയും സാമർത്ഥ്യത്തേയും ഞാൻ മനസാ അഭിനന്ദിച്ചു. അയാളുടെ ഉദ്യമത്തിന്റെ ഉദ്ദേശമോ സ്വഭാവമോ എനിക്കിനിയും അജ്ഞാതമാണ്. ഈ ആളുകളെക്കൊണ്ടു് അയാൾക്കു വേണ്ടതെന്തായിരുന്നു എന്നു മനസ്സിലായില്ല.

ഞാൻ:—സ്നേഹിതാ! ഞങ്ങളെക്കൊണ്ടു് നിങ്ങൾക്കെന്താണ് വേണ്ടതു്? പണമാണോ? എത്ര വേണം?

ചന്ദ്രദേവ്:—പണം! അതു് ഞാൻ വിചാരിച്ച മാത്രയിൽ ഉണ്ടായിക്കഴിഞ്ഞു. ആളിനെത്തന്നെയാണാവശ്യം. ആളുണ്ടായാൽ എല്ലാമായി.

ഞാൻ—ഞങ്ങളെന്തുവേണം.

ചന്ദ്രദേവ്— ഏ. ബി. സി. ഡിയായ ഞാൻ തന്നെയാണ് ഇന്നത്തെ വിപ്ലവനേതാവെന്ന് നിങ്ങൾ മനസ്സിലാക്കു. നിങ്ങൾ രണ്ടാളും എന്റെ സംഘത്തിൽ സംഘടിക്കുക. ഉണർന്നു പ്രവൃത്തിക്കുക.

"അയ്യോ! വിപ്ലവം! വിപ്ലവം? എന്നു ഞാൻ ഉറക്കെ നില

വിളിച്ചു. എൻെറ ഭയപാരവശ്യം കണ്ടു് ആ ധീരപുരുഷൻ മന്ദഹസിച്ചതേയുള്ളൂ. അയാൾ പറഞ്ഞു.

"വിപ്ലവം എന്നു കേട്ടു വിറയ്ക്കുന്ന സാധു മനുഷ്യാ! അതാർക്കു വേണ്ടി? എന്തിനു വേണ്ടി?"

ഞാൻ:—അതൊക്കെ എനിക്കറിയാം. എങ്കിലും —

ചന്ദ്രദേവ്—എങ്കിലും എന്ന ശബ്ദമേ ഇവിടെയില്ല. രണ്ടു പേരും എന്നെ അനുസരിക്കുന്നപക്ഷം ജീവിക്കുന്ന കാലത്തോളം നിങ്ങൾക്കു ദമ്പതിമാരായി വാഴാം. ഞാൻ നിങ്ങളുടെ ഉററമിത്രവും ആയിരിക്കും. അല്ലെങ്കിൽ ഈ നിമിഷത്തിൽ തന്നെ നിങ്ങൾക്കു പരലോകത്തിൽ ദമ്പതിമാരായി വാഴാം. വിപ്ലവനേതാവായ എ. ബി. സി. ഡിയുടെ വലയിൽപ്പെട്ട എനിക്കു്, അത്യന്തമിത്രമായിരുന്നിട്ടും രക്ഷപ്പെടാൻ സാദ്ധ്യമല്ലെന്നു് ബോദ്ധ്യപ്പെട്ടു. എങ്കിലും ഒന്നുകൂടി പരീക്ഷിച്ചു നോക്കാമെന്നു വിചാരിച്ചു ഞാൻ ചോദിച്ചു.

"ഒരു ഭീരുവിനെക്കൊണ്ടു് നിങ്ങൾക്കു വല്ല ആവശ്യവും നിറവേററാൻ കഴിയുമോ? ഭീരുതമൂത്തിയായ എന്നെ സ്വതന്ത്രനാക്കരുതേ?"

ചന്ദ്രദേവ്—(അല്പനേരം ആലോചിച്ചിട്ടു്) ശരി. നിങ്ങൾക്കു പോകാം.

ഞാൻ അത്യാഹ്ലാദത്തോടെ എഴുന്നേററു. അനന്തരം 'രത്നം എവിടെയാണു്' എന്നു ചോദിച്ചു. തത്സമയം ചന്ദ്രദേവിൻെറ മുഖം കോപാരുണമായിത്തീന്നു. അയാൾ സഗൌരവം പറഞ്ഞു: 'ഛീ! അവൾ തന്നെപ്പോലെ ഭീരുവല്ല. ആ നാമം ഉച്ചരിക്കാൻ തനിക്കർഹതയുമില്ല.

ഈ വാചകം കേട്ടതോടുകൂടി ഏതോ ഒരു ശക്തി എൻെറ സിരകളിൽ പാഞ്ഞതായി തോന്നി. എൻെറ സർവ്വഭീരുതകളും പറപറന്നു. ഞാൻ ദേവിൻെറ മുഖത്തു നോക്കി സധൈര്യം നിശ്ചയസ്വരത്തിൽ പറഞ്ഞു. "ഇല്ല. എനിക്കു് ഒന്നിനും ഭയമില്ല. നിങ്ങളുടെ ആജ്ഞയെ അക്ഷരംപ്രതി അനുസരിക്കുവാൻ തയ്യാർ. രത്നമില്ലാത്ത സ്വാതന്ത്ര്യവും സ്വർഗ്ഗവും എനിക്കു വേണ്ട."

എൻെറ വാക്കുകൾ ശ്രവിച്ചതോടുകൂടി വിപ്ലവനേതാവിൻെറ വദനം പ്രകാശമാനമായിത്തീന്നു. അയാൾ സമീപത്തിലിരുന്നു് എന്നെ ഗാഢമായി ആലിംഗനം ചെയ്തു. അനന്തരം സ്വഭൃത്യനെക്കൊണ്ടു വരുത്തിച്ച ഒരു ബുക്കു് എൻെറ കയ്യിൽതന്നു വായിച്ചു നോക്കുവാൻ ആവശ്യപ്പെട്ടു. വിപ്ലവസംഘത്തിൻെറ നിയമാവലിയായിരുന്നു അതിൽ

രേഖപ്പെടുത്തിയിരുന്നതു്. ആ ക്രൂരനിബന്ധനകളൊന്നും എന്നെ പിന്തിരിപ്പിക്കാൻ പര്യാപ്തമായില്ല. വായന കഴിഞ്ഞ ക്ഷണത്തിൽ ചന്ദ്രദേവു് പറഞ്ഞു:

"ഇനി നിങ്ങൾ രണ്ടുപേരും ഇതിൽ ഒപ്പിട്ട സംഘത്തിലെ അംഗങ്ങളാകുക."

ഞാൻ നിസ്സംശയം ആ ബുക്കിൽ ഒപ്പിട്ടു് അംഗമായിച്ചേർന്നു. ചന്ദ്രദേവ്—രത്നമ്മ അടുത്ത മുറിയിലുണ്ടു്. നിങ്ങൾ വിളിച്ചു ഇതിൽ ഒപ്പിടുവിക്കുക.

ഞാൻ ഉടനെ "രത്നം!" രത്നം! എന്നു് ഉറക്കെ വിളിച്ചു.

* * * * *

"എന്തിനാണെന്നെ വിളിച്ചതു്" എന്നൊരു മഞ്ജുള ശിഞ്ജിതം എന്നെ ഉണർത്തി. കണ്ണു തുറന്നു നോക്കിയപ്പോൾ പ്രാണപ്രിയയായ രത്നം സമീപത്തിൽ നില്ക്കുന്നു. ഞാൻ ഇങ്ങനെ ചോദിച്ചുപോയി. "നാം ഇപ്പോൾ എവിടെയാണു്." അവൾ മന്ദസ്മിതം തൂകിക്കൊണ്ടു് പറഞ്ഞു: "നീ ആരാണു് എന്നു കൂടി ചോദിക്കു". അതുകേട്ടപ്പോൾ ഞാൻ അല്പം ലജ്ജിക്കതന്നെ ചെയ്തു. തലേദിവസം സായാഹ്നത്തിൽ ഒരു വിപ്ലവക്ലേസ്സുവായിക്കാനിടയായതായിരിക്കാം ഈ സ്വപ്നത്തിനു കാരണം.

# വിശ്വവിമർശം

— ആൽബർട്ട് ഐൻസ്റ്റീൻ.

അത്ഭുതജനകമാണ് പ്രപഞ്ചത്തിൽ നമ്മുടെ സ്ഥിതി. നാതിദീർഘമായ ഒരു സന്ദർശനത്തിന്—എന്തിനാണെന്നറിഞ്ഞുകൂട, എങ്കിലും ചിലപ്പോൾ ഒരുദ്ദേശം കാണുവാനുണ്ടെന്നു തോന്നും—ഓരോ മനുഷ്യനും ആവിർഭവിക്കുന്നു.

നിത്യജീവിതത്തെ ആശ്രയിച്ചു നോക്കുമ്പോൾ, എങ്ങനെയായാലും, ഒരു തത്വം നമുക്കറിയാവുന്നതായിട്ടുണ്ട്: മനുഷ്യൻ ജനിച്ചിരിക്കുന്നതു് അന്യന്മാക്കുവേണ്ടിയാണ്—ആരുടെ മന്ദഹാസവും ക്ഷേമവും ആണോ അവന്റെ സുഖത്തിന് ആസ്പദം, സർവ്വോപരി അവക്കുവേണ്ടി; മാത്രമല്ല, സഹാനുഭൂതികൊണ്ടു സംബദ്ധരായിരിക്കുന്ന അസംഖ്യം അപരിചിതാത്മാക്കൾക്കു വേണ്ടിയും. ജീവിക്കുന്നവരും മരിച്ചുപോയവരും ആയ സജാതീയരുടെ പ്രയത്നത്തിന് എന്റെ അന്തരജീവിതവും ബാഹ്യജീവിതവും എത്രത്തോളം ആധമർണ്യം വഹിക്കുന്നുണ്ടെന്നും, കിട്ടിയടത്തോളം മടക്കിക്കൊടുക്കുന്നതിനു ഞാൻ എത്രത്തോളം നിർവ്യാജമായി തീവ്രയത്നം ചെയ്യണമെന്നും പ്രതിദിനം ഒന്നോ രണ്ടോ തവണയല്ല എനിക്കു ബോധ്യമാവുന്നതു്. ഇതരന്മാരുടെ പ്രവൃത്തികളോടു് എനിക്കുള്ള കടപ്പാടു് ദുർഭരമാണെന്നുള്ള നിരുന്മേഷജനകമായ ചിന്ത എന്റെ ഹൃദയത്തെ പലപ്പോഴും അസ്വസ്ഥമാക്കുന്നുണ്ടു്.

'ദാർശനി'കമായ അർത്ഥത്തിൽ, നമുക്കു ഒന്നിച്ചും അല്പമെങ്കിലും സ്വാതന്ത്ര്യം ഉണ്ടാകുവാൻ നിവൃത്തിയില്ല; ബാഹ്യമായ നിർബന്ധംകൊണ്ടുമാത്രമല്ല, അപരിഹാര്യമായ അന്തരാവശ്യംകൊണ്ടു കൂടിയാണല്ലോ നാം പ്രവർത്തിക്കുന്നതു്. 'മനുഷ്യനു്, അവൻ സാധിക്കണമെന്നു മനഃപൂർവ്വം ഇച്ഛിക്കുന്നതു് തീർച്ചയായിട്ടും സാദ്ധ്യമാണ്; പക്ഷേ ആ ഇച്ഛ എന്താണെന്നു വിവേചിക്കുവാൻ അവൻ ശക്തനല്ല', സ്കോഫനാരുടെ ഈ വാക്യം യൗവനത്തിൽ എന്നെ അത്യന്തം ആകർഷിച്ചിട്ടുണ്ടു്. ജീവിതക്ലേശങ്ങൾ കാണുകയും അനുഭവിക്കയും ചെയ്യുമ്പോൾ ഈ മഹദ്വചനം സർവ്വദാ എന്നെ ആശ്വസിപ്പിക്കുന്നു. ഈ ബോധം ആണ് എന്റെ സഹിഷ്ണുതയെ എപ്പോഴും വളർത്തിക്കൊണ്ടിരിക്കുന്നതു. അന്യന്മാരേയും നമ്മേയും പററി വളരെ ഗൗരവത്തോടുകൂടി ചിന്തിക്കുവാൻ ഇതു അനുവദിക്കു

ന്നില്ല; ഒരു 'നമ്മബോധ'മാണ് ഈ വിചാരഗതിയിൽനിന്നുളവാകുന്നതു്.

'എൻെറ ജന്മത്തിനു് എന്താണു കാരണമെന്നോ സാമാന്യമായ ജീവിതത്തിനു് അത്ഥമെന്തെന്നോ നിരന്തരം ആലോചിച്ചുകൊണ്ടിരിക്കുന്നതു്, വെറും വിഡ്ഢിത്തമാണെന്നാണു് എനിക്കു തോന്നുന്നതു്. എന്നാലും, സ്വന്തം അഭിലാഷങ്ങളേയും നിശ്ചയങ്ങളേയും നിയന്ത്രിക്കുന്ന ചില ആദശങ്ങൾ ആക്കും ഇല്ലാതിരിക്കുകയില്ല. എന്നെ ജീവിതാനന്ദതുന്ദിലനാക്കുകയും എൻെറ ദൃഷ്ടിക്കു സദാ പ്രത്യക്ഷമായിരിക്കുകയും ചെയ്യുന്ന ആദശങ്ങൾ ധമ്മം, സൗന്ദര്യം, സത്യം ഇവയാണു്. സുഖം അഥവാ സംതൃപ്തി പരമലക്ഷ്യമാക്കുക എനിക്കൊരിക്കലും ഹൃദയംഗമമായി തോന്നിയിട്ടില്ല. ഈ അടിസ്ഥാനത്തിൽ കെട്ടിപ്പൊക്കിയിട്ടുള്ള സാന്മാഗ്ഗികതത്ത്വങ്ങൾ കന്നുകാലികൾക്കു മാത്രമേ മതിയാവുകയുള്ളു.

കലയ്ക്കും ശാസ്ത്രഗവേഷണത്തിനും എന്നും അനവാച്യമായ സത്യം കണ്ടു പിടിക്കുവാനുള്ള പരിശ്രമത്തിൽ സമാനധമ്മാക്കളായ ആളുകളോടു ചേന്നു പ്രവത്തിക്കുവാനുള്ള ബോധമുണ്ടായിരുന്നില്ലെങ്കിൽ, എൻെറ ജീവിതം ശൂന്യമായിത്തീരുമായിരുന്നു. മാനുഷികമായ ഉൽക്കഷാഭിലാഷത്തിൻെറ അതിസാധാരണമായ പരിധിയെ ശൈശവം മുതൽക്കുതന്നെ ഞാൻ അവജ്ഞാപൂവ്വമാണു വീക്ഷിച്ചുവന്നതു്. സമ്പത്തു്, പുറമേ കാണുന്ന വിജയം, പ്രസിദ്ധി, ആഡംബരം — എനിക്കു് ഇതൊക്കെ നിസ്സാരമായിട്ടു തോന്നിയിട്ടുള്ളു. അനുദ്ധതവും ആഡംബരരഹിതവുമായ ജീവിതമാണു് എല്ലാവരുടേയും ദേഹത്തിനും മനസ്സിനും ഉത്തമമെന്നു ഞാൻ വിശ്വസിക്കുന്നു.

സാമുദായികമായ നീതിയിലും ചുമതലകളിലും എനിക്കു് സോന്മേഷമായ താൽപര്യമുണ്ടെങ്കിലും സ്ത്രീകളും പുരുഷന്മാരുമായി നേരെ ഇടപെടുവാനുള്ള ആഗ്രഹം ഗണ്യമായവിധത്തിൽ എനിക്കില്ലെന്നുള്ളതു് കൗതുകാവഹമായ ഒരു വ്യത്യാസമാണു്. ഞാൻ ഒററയ്ക്കു പൂട്ടുവാനുള്ള കുതിരയാണു്; കൂട്ടത്തിൽ പണിയെടുക്കാനുള്ളതല്ല. ഒരു രാജ്യത്തിനോ വ്യവസ്ഥിതഭരണകൂടത്തിനോ സുഹൃൽസമുദായത്തിനോ, അത്രേ അററം എൻെറ കുടുംബത്തിനോ സവ്വാത്മനാ അധീനനല്ലാ ഞാൻ. ഈ അടുപ്പങ്ങളോടുകൂടി ഒരകൽച്ചയും കാലം ചെല്ലുംതോറും തന്നിൽത്തന്നേ ഒതുങ്ങുവാൻ ഉള്ള ആഗ്രഹവും അനുബന്ധിച്ചിട്ടുണ്ടു്.

താദൃശമായ വിശ്ലേഷം ചിലപ്പോൾ ദുസ്സഹമാണെങ്കിലും അന്യന്മാ

രുടെ സഹഭാവത്തിനും അവരുടെ അറിവിനും അവിഷയമായ സ്ഥിതിയെക്കുറിച്ച് ഞാൻ വിഷാദിക്കുന്നില്ല. അതുകൊണ്ട് എനിക്കു നഷ്ടമുണ്ട്; നിശ്ചയംതന്നെ. എന്നാലും സമുദായികാചാരങ്ങളുടേയും അഭിപ്രായങ്ങളുടേയും അകാരണമായി അന്യന്മാൎക്ക് ജനിക്കുന്ന പ്രതികൂലമനോഭാവത്തിന്റേയും ബാധയിൽനിന്ന് മുക്തനാകുവാൻ സാധിച്ചിട്ടുള്ളതു് ആ നഷ്ടം പരിഹരിക്കാൻ പൎയ്യാപ്തമായ ഒരു ലാഭമാണ്. അപ്രകാരമുള്ള അസ്ഥിരമായ അസ്സ്വിവാരത്തിലല്ല എന്റെ മനസ്സമാധാനം സ്ഥിതിചെയ്യുന്നതും.

പ്രജാധിപത്യമാണ് എന്റെ രാഷ്ട്രീയമായ ആദൎശം. വ്യക്തി എന്ന നിലയിൽ എല്ലാവരേയും ആദരിക്കണം; ആരേയും പൂജാവിഗ്രഹമാക്കരുതു്. അനാവശ്യവും അനൎഹവുമായ ഇത്ര വളരെ ബഹുമാനാദരങ്ങൾക്കു ഞാൻ വിഷയമായിരിക്കുന്നതു് വിധിവിക്രിയകൊണ്ടു മാത്രമാണ്. എന്റെ ദുർബലമായ ശക്തിയാൽ ഞാൻ സമൎപ്പിച്ചിട്ടുള്ള ചില ആശയങ്ങളെ പരിപൂൎണ്ണമായി ഗ്രഹിക്കുന്നതിനുള്ള അപരിണതഫലങ്ങളായ ആഗ്രഹങ്ങളിൽനിന്നായിരിക്കണം ഈ അതിപ്രശംസ.

നിശ്ചിതമായ ഒരു ലക്ഷ്യം പ്രാപിക്കണമെങ്കിൽ, സങ്കല്പം, നിയോഗം, കൎത്തവ്യത്തിന്റെ ഭൂരിഭാഗനിൎവഹണം, ഇതെല്ലാം സ്വയം വേണമെന്ന് എനിക്കു നല്ലപോലെ അറിയാം. നേതാക്കന്മാരെ ബലംപ്രയോഗിച്ച് വലിക്കുന്നതു് അനാശാസ്യമാകുന്നു. നായകനെ തിരഞ്ഞെടുക്കുവാൻ അവൎക്ക് അനുവാദം നൽകണം. സാമുദായികവൎഗ്ഗങ്ങളുടെ സീമാരേഖകൾ കൃത്രിമങ്ങളാണെന്ന് എനിക്കു തോന്നുന്നു. അപഗ്രഥിച്ചു നോക്കുമ്പോൾ കട്ടവിൽ കേവലം ബലത്തിലാണു അവ മായാതെ നിൽക്കുന്നതെന്നു വ്യക്തമാവും. അക്രമാനുപ്രാണിതമായ ഓരോ സ്വേച്ഛാപ്രഭുത്വത്തിന്റേയും അവശ്യംഭാവിയായ നീചഫലമാണ് അപകൎഷം. ധാൎമ്മികദൃഷ്ട്യാ അധഃപതിച്ചിരിക്കുന്നവരെ അക്രമം നിശ്ചയമായും ആകൎഷിക്കും. പ്രസിദ്ധന്മാരായ സ്വേച്ഛാപ്രഭുക്കളുടെ അനന്തരഗാമികൾ 'തെമ്മാടി'കളായിരിക്കുമെന്നു കാലം വ്യക്തമാക്കിയിട്ടുണ്ട്.

ഇക്കാരണത്താലാണ് ഇററലിയിലും റഷ്യയിലും പ്രതിഷ്ഠ ലഭിച്ചിരിക്കുന്ന ആധുനികഭരണരീതിയെ ഞാൻ അനുകൂലിക്കാത്തതു്. പാശ്ചാത്യരുടെ പ്രജാധിപത്യസമ്പ്രദായത്തിനു അപകൎഷം വരുത്തിയിരിക്കുന്ന തത്വം ഐകാധിപത്യത്തിന്റെ മൗലികസിദ്ധാന്തമല്ല; രാഷ്ട്രനേ

ത്വത്തിനു സംഭവിക്കുന്ന അസ്ഥിരതയും കക്ഷിത്വപ്രവർത്തനത്തിൽ വരുന്ന അവ്യക്തികമായ (impersonal) അവസ്ഥയും ആണു്.

അമേരിക്കയിലെ സംയുക്തസംസ്ഥാനത്തിൽ നിവസിക്കുന്ന പൗരന്മാർ ശരിയായ തത്ത്വമാണു് അംഗീകരിച്ചിരിക്കുന്നതെന്നു് എനിക്കു തോന്നുന്നു. ഒരു രാഷ്ട്രാധ്യക്ഷനെ ഉചിതമായ ഒരു കാലസീമകല്പിച്ചു തിരഞ്ഞെടുക്കുകയും കൃത്യനിർവഹണത്തിനു് അത്യാവശ്യമായ അധികാരശക്തി അദ്ദേഹത്തിനു് അനുവദിച്ചുകൊടുക്കുകയുമാണു് അവിടത്തെ സമ്പ്രദായം. ജന്മൻഭരണത്തിലാകട്ടെ, പ്രത്യുത,ജീവികാഹീനന്മാരോ രോഗവ്യാകുലന്മാരോ ആയ വ്യക്തികളുടെ വിഷയത്തിൽ പതിപ്പിക്കുന്ന വിപുലശ്രദ്ധയിലാണു് എനിക്കു പ്രതിപത്തി. നമ്മുടെ ജീവിതകോലാഹലത്തിൽ 'ജാതി' യേക്കാറം ഗണനീയമായിരിക്കുന്നതു് ആകർഷകവും സൎഗ്ഗനിപുണവും ആയ വ്യക്തിത്വം—വിശിഷ്ടവ്യക്തിത്വം—ആകുന്നു. വികാരശക്തികുറഞ്ഞും വിചാരശക്തിമറഞ്ഞും സാധാരണജനത വർത്തിക്കുമ്പോഠം സാരതമവും വിശിഷ്ടതമവുമായവയെ സൃഷ്ടിക്കുന്ന മഹാനായ വ്യക്തിയുടെ പ്രത്യേകധൎമ്മമാണു ഞാൻ വിവക്ഷിക്കുന്നതു്.

പ്രസംഗവശാൽ, 'സമഷ്ടിഹൃദയത്തിന്റെ നികൃഷ്ടസന്താനം'—ആത്മോദ്വേജകമായ സൈന്യം—എന്റെ സ്മൃതിപഥത്തിൽ പ്രവേശിക്കുന്നു. സൈനികസംഗീതത്തിനനുരോധമായി അണിചേൎന്നു രസിച്ചു നടക്കുന്ന മനുഷ്യൻ എന്റെ അവജ്ഞയുടെ പരിധിയ്ക്കും അടിയിലാണു്. വലിയ തല അവനു് അബദ്ധത്തിൽ കിട്ടിയതാകുന്നു. നട്ടെല്ലു മാത്രമായാൽത്തന്നെ വേണ്ടതിലധികമായി. ആജ്ഞാപനത്തിലുള്ള ഈ ശൌര്യം, ഈ ബോധംകെട്ട അക്രമം, ദേശാഭിമാനത്തെക്കുറിച്ചുണ്ടാകുന്ന ശപ്തമായ ഈ വലിയ ഒച്ചപ്പാടു്—ഇവയെ ഞാൻ എത്ര കഠിനമായി വെറുക്കുന്നു! യുദ്ധം നിന്ദ്യവും നീചവുമാണു്. എന്നെ ഓരോ അംഗമായി മുറിച്ചു മുറിച്ചു് ഹിംസിക്കുന്നതാണു്, അങ്ങനെയുള്ള ഒരു കൎമ്മത്തിൽ ഏൎപ്പെടുന്നതിനേക്കാഠം എനിക്കു് അഭിലഷണീയം.

മനുഷ്യസമുദായത്തെ കളങ്കപ്പെടുത്തുന്ന താദൃശമാലിന്യം കാലവിളംബം നേരിടാതെ നിൎമ്മാൎജ്ജനം ചെയ്യേണ്ടതാകുന്നു. വ്യാപാരം, രാഷ്ട്രീയോദ്ദേശം ഇവയ്ക്കുവേണ്ടി വിദ്യാലയങ്ങളും വൎത്തമാനപത്രങ്ങളും വഴിയ്ക്കു് ജനതയുടെ വിവേകത്തേയും സാമാന്യബോധത്തേയും വ്യവസ്ഥാപിതമായ രീതിയിൽ ദുഷിപ്പിച്ചിരുന്നില്ലെങ്കിൽ, വളരെക്കാലം മുൻപുതന്നെ ഈ മാലിന്യം കഴുകിക്കളഞ്ഞിട്ടുണ്ടാകുമായിരുന്നു എന്നു വിശ്വസിക്കത്തക്കവണ്ണം മനുഷ്യപ്രകൃതിയെപ്പററി നല്ല അഭിപ്രായമാണു് എനിക്കുള്ളതു്.

## :: പ്രതിധ്വനി. ::

### ലോകത്തിൽ
### കവികളുടെ ആവശ്യം

— മിസ്റ്റർ സ്റ്റാൻലി ബാൾഡ്‌വിൻ.

സർവ്വകലാശാലകളുടെ കൃത്യം, ബാൾഡ്‌വിൻെറ അഭിപ്രായത്തിൽ, കൂടുതൽ കവികളെ സൃഷ്ടിക്കുകയാണ്. "ബ്രിട്ടീഷ് യൂണിവേഴ്സിററീസ് കോൺഗ്രസ്സി"ലേക്കു പ്രതിനിധികളായി ലോകത്തിൻെറ നാനാഭാഗങ്ങളിൽനിന്നും വന്നെത്തിയ പ്രൊഫസർമാക്കു സ്വാഗതമരുളിക്കൊണ്ടു്, കെയിംബ്രിഡ്ജ് സർവ്വകലാശാലയുടെ വൈസ് ചാൻസലറെന്നനിലയിൽ ചെയ്ത പ്രസംഗത്തിൽ ബ്രിട്ടീഷ് പ്രധാനമന്ത്രി ഇങ്ങനെ അഭിപ്രായപ്പെടുകയുണ്ടായി:

"മഹാകവികൾക്കു ക്ഷാമമാണ് — ശാസ്ത്രജ്ഞന്മാരേക്കാൾ വലിയ ക്ഷാമം. പ്രകൃതിശാസ്ത്രജ്ഞനും രസതന്ത്രജ്ഞനും കണ്ടുപിടിക്കുന്ന തത്വങ്ങൾ മനുഷ്യൻെറ നേരെതന്നെ പ്രയോഗിക്കപ്പെട്ടുവരുന്നതായി നാം കാണുന്നു. ഒരു കവിയേക്കൊണ്ടും അങ്ങനെ ഒരുപദ്രവമുണ്ടാവുകയില്ല.

'കവികൾ നിരുപദ്രവികളാണ്; വലിയ ലോകോപകാരികളുമാണ്. ചരിത്രം പരിശോധിച്ചാലറിയാം അവർ ലോകത്തിനുവേണ്ടി എന്തു ചെയ്തിട്ടുണ്ടെന്നു്. നമ്മുടെ സർവ്വകലാശാലകൾ എല്ലാം യോജിച്ചു് കൂടുതൽ കവികളെ സൃഷ്ടിച്ചിരുന്നെങ്കിൽ! അതു് അവക്കു തന്നെ വലിയ പിൻബലമായിരിക്കും. ഐക്യബോധത്താലും സ്വാതന്ത്ര്യബോധത്താലും യൂറോപ്പിനേയും ലോകത്തേയും ഉത്തേജിപ്പിക്കുന്ന കവികളെ നിങ്ങളുടെ സർവ്വകലാശാലകളിൽ സൃഷ്ടിക്കുവാൻ ഞാൻ അഭ്യർത്ഥിക്കുന്നു."

---

### "ശാസ്ത്രജ്ഞന്മാർ
### ലോകത്തെ ഭരിക്കട്ടെ!"

—സർ. സി. വി. രാമൻ.

ശാസ്ത്രത്തിന്നും പ്രകൃതിക്കും തമ്മിലുള്ള ബന്ധത്തെക്കുറിച്ചു സർ സി. വെങ്കിട്ടരാമൻ സിംലയിൽ വെച്ചു് ഒരു പ്രസംഗം ചെയ്കയുണ്ടായി.

ശാസ്ത്രജ്ഞന്മാരാണ് ഇന്നു ലോകത്തെ ഭരിക്കേണ്ടതെന്ന് ആ പ്രസംഗത്തിൽ അദ്ദേഹം അഭിപ്രായപ്പെട്ടു:

"ശാസ്ത്രത്തിന്റെ ലക്ഷ്യം സത്യമാണ്. ലോകകാര്യങ്ങളിൽ പ്രവൎത്തിക്കുന്ന എല്ലാവരുടേയും ലക്ഷ്യം ഇതുതന്നെയാണോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ശാസ്ത്രത്തിന്റെ ലോകത്തിൽ, എത്ര വോട്ടുകൾ പ്രമേയത്തിന്ന് അനുകൂലമാണ്, എത്ര വോട്ടുകൾ അതിന്നു പ്രതികൂലമാണ് എന്ന ചോദ്യം തന്നെയില്ല. ശാസ്ത്രീയബുദ്ധിയായ ഒരു മനുഷ്യനും ലൗകികബുദ്ധിയായ ഒരു മനുഷ്യനും തമ്മിൽ ചില വ്യത്യാസങ്ങളുണ്ട്. മനുഷ്യസമുദായം അഭിവൃദ്ധിപ്പെടണമെങ്കിൽ ഈ വ്യത്യാസങ്ങൾ ഇല്ലാതാകണം. ഇയ്യിടെ വൃത്താന്തപത്രങ്ങളിൽ കണ്ട ഒരു വൎത്തമാനം എന്റെ ശ്രദ്ധയെ ആകൎഷിച്ചു. പുതിയ ഫ്രഞ്ച് മന്ത്രിസഭ രൂപവൽക്കരിച്ച അവസരത്തിൽ നോബൽ സമ്മാനം നേടിയ ഒരു സ്ത്രീയെ ഫ്രഞ്ച്ഗവൎമ്മേന്റിന്റെ അണ്ടർ സെക്രട്ടറിയായി നിയമിക്കുകയുണ്ടായി. ഒരേ സമയത്തുതന്നെ മഹിളാലോകത്തേയും ശാസ്ത്രലോകത്തേയും ബഹുമാനിക്കുകയാണ് ഫ്രഞ്ചുഗവൎമേന്റ് ആ നിയമനം മൂലം ചെയ്തതു്. അതു സാമാന്യസമ്പ്രദായത്തിൽനിന്ന് ആശാസ്യമായ ഒരു വ്യതിയാനമാണ്. ശാസ്ത്രജ്ഞന്മാർ ലോകത്തെ ഭരിക്കണം. എന്ന് അവർ ലോകകാര്യങ്ങളുടെ നേതൃത്വം കൈയേൽക്കുന്നുവോ, അന്നേ സത്യം, പരമമായ സത്യം ജയിക്കുകയുള്ളു; അന്നേ മനുഷ്യന്റെ യുക്തിയുക്തമായ ചിന്ത അന്ധമായ വികാരങ്ങളെ നിയന്ത്രിക്കുകയുള്ളൂ."

## ഇന്ത്യൻസംഗീതവും ഹാൎമ്മോണിയവും.

— മിസ്. മോഡ് മെക്കാർത്തി.

ഇന്ത്യൻ സംഗീതത്തിന്നും ഹാൎമ്മോണിയത്തിന്നും തമ്മിലുള്ള വൈജാത്യത്തെക്കുറിച്ച് മിസ് മോഡ് മെക്കാർത്തി എഴുതിയ ഒരു ലേഖനത്തിലെ ചില ഭാഗങ്ങളാണ് താഴെ ഉദ്ധരിക്കുന്നതു്. കവയിത്രി, ഗായിക, ചിത്രകാരി എന്നീ നിലയിൽ അമേരിക്കയിലും യൂറോപ്പിലും പ്രസിദ്ധയായ മിസ് മോഡ് ഭാരതീയകലകളെ ആരാധിക്കുന്ന ദുർലഭം ചില പാശ്ചാത്യരിൽ ഒരാളകയാൽ ആ മാന്യയുടെ അഭിപ്രായം സവിശേഷം ശ്രദ്ധേയമാണ്. അവർ എഴുതുന്നു:

"ഹാർമോണിയം ഓരിയിടുന്നു; ഹാർമോണിയക്കാരൻ അതിനോട്ട ശ്രുതിപിടിച്ച് അലറുന്നു. ഹാർമോണിയത്തോട്ടുകൂടെ പാടിയാൽ അങ്ങനെയേ വരികയുള്ളൂ. ഞാൻ സംഗീതത്തെ അപഹസി

ക്കുകയില്ല; സംഗീതകാരന്മാരെ ആക്ഷേപിക്കുകയുമല്ല. മതത്തിന്റേയും ദേശത്തിന്റേയും കലയുടേയും നേരെ പ്രവൎത്തിക്കുന്ന ഈ അക്ഷന്തവ്യമായ അപരാധത്തെ രേഖപ്പെടുത്തുന്നുവെന്നുമാത്രം. ആ ക്ഷേത്രത്തേയും ഹാർമോണിയത്തേയും എനിക്കു യോജിപ്പിക്കുവാൻ സാധിച്ചില്ല.

ക്ഷേത്രത്തിന്റെ അകത്തു കടന്നു ഞാൻ പ്രാൎത്ഥിച്ചു. എന്റെ പ്രാൎത്ഥന ഏതാണ്ട് ഇപ്രകാരമായിരുന്നു: ആകാശത്തിൽ ചരിക്കുന്ന ഗോളങ്ങളിൽകൂടേയും സമുദ്രത്തിൽ കിടക്കുന്ന മൗക്തികങ്ങളിൽകൂടേയും വിശ്വസംഗീതം പൊഴിക്കുന്ന ദൈവമേ, ഈ നശിച്ച യന്ത്രത്തെ (ഹാർമോണിയത്തെ) ഇന്ത്യയിലേയ്ക്കു കെട്ടിക്കൊണ്ടുവരുവാൻ എന്തിനീ പാതിരിമാരെ അനുവദിച്ചു? പ്രഭോ, അവൎക്കു മാപ്പുകൊടുക്കുക! അവൎക്ക് അറിഞ്ഞുകൂടാ, അവർ എന്നാണ് ചെയ്യുന്നതെന്ന്. ഗോളങ്ങളുടെ അഭൗമമായ സംഗീതമാണ്, പ്രകൃതിയുടേയും ആത്മാവിന്റേയും പാവനമായ സംഗീതമാണ്, അങ്ങയെ വാഴ്ത്തുവാനുള്ള ഉപകരണമെന്ന് ഇനിയെങ്കിലും ഇന്ത്യക്കാരുടെ മനസ്സിൽ തോന്നിക്കേണമേ!"

സംഗീതകലയിൽ സാമാന്യപരിചയം സിദ്ധിച്ചിട്ടുള്ള ഒരാളെന്നനിലയിൽ ഹാർമോണിയത്തിന്റെ ദോഷങ്ങളേവയെന്ന് എനിക്ക് നല്ലപോലെ അറിയാം.

(1) ഹാർമോണിയം പാശ്ചാത്യമായ ഒരു സംഗീതോപകരണമല്ല.

(2) അതിന്നു് ഒരിക്കലും ഇന്ത്യൻസംഗീതോപകരണങ്ങളെ അതിശയിക്കുവാൻ സാധിക്കുകയില്ല. അതിന്റെ കൃത്രിമമായ സ്വരക്രമം, അതിന്മേൽ പരിശീലിക്കുന്നവരുടെ കലാവാസനയെ അധഃപതിപ്പിക്കും. രണ്ടു തലമുറകഴിയുമ്പോഴേയ്ക്കും ഹാർമോണിയം ഒരു ദുൎല്ലഭസാധനമായിത്തീരും.

(3) മതപരമായി നോക്കിയാലും ഹാർമോണിയം പരിത്യാജ്യമാണ്. അപസ്വരങ്ങൾകൊണ്ടു് ദൈവത്തെ സ്തുതിക്കുന്നതെങ്ങനെ? ഹാർമോണിയം ഒരു രാജ്യത്തിന്റേയും സന്താനമല്ല. അതിനെ ആൎക്കും ആവശ്യവുമില്ല. ഈദൃശമായ ഒരുപകരണത്തിൽ കൂടെയാണോ ഇന്ത്യ ആത്മഗീതം പൊഴിക്കുവാൻ പോകുന്നത് എന്നു ഞാൻ ചോദിക്കുന്നു. കലാപരമായി അതു് അറയ്ക്കുന്ന ഒരു വസ്തുവാണ്. അതിന്റെ രൂപവും ശബ്ദവും ഒരുപോലെ വിലക്ഷണമത്രെ.

ഹാർമോണിയത്തെ ബഹിഷ്കരിച്ച് ഇന്ത്യയിലെ മതത്തേയും ദേശീയതയേയും കലയേയും രക്ഷിക്കുവാൻ ഞാൻ സൎവ്വരോടും അഭ്യൎത്ഥിക്കുന്നു."

## : : ഗ്രന്ഥവിഹാരം. : :

### ൧. ഞാൻ കണ്ട യൂറോപ്പ്.

—ഗ്രന്ഥകർത്രി: മിസിസ് കുട്ടൻനായർ.

നമ്മുടെ സാഹിത്യത്തിൽ പ്രതിദിനം പുസ്തകങ്ങൾ പിറക്കുന്നുണ്ടെങ്കിലും, അവയിൽ പലതും വളർച്ചയും ആരോഗ്യവും ഇല്ലാത്ത ഹൃദയത്തിന്റെ ഛായയോടുകൂടി, വിവേകമില്ലാത്ത മുദ്രണശാലകളുടെ ഉള്ളിൽനിന്നു് വരുന്നവയാകയാൽ മരിച്ചുകൊണ്ടു ജനിക്കുന്നവയോ ജനിച്ചാലുടനെ മരിക്കുന്നവയോ ആയിട്ടാണു കാണപ്പെടുന്നതു്. 'പുതിയ' 'നല്ല' ഈ രണ്ടു വിശേഷണങ്ങളും സമർഹിക്കുന്ന ഗ്രന്ഥം, അതിനാൽ, വളരെ ദുർല്ലഭമായിരിക്കുന്നു. സ്വാനുഭവങ്ങളുടെ സമ്പൂർണ്ണതയിൽനിന്നു് സ്വീയമാണെന്നു് അഭിമാനിക്കുവാൻ ന്യായമായ അവകാശത്തോടുകൂടി ആവിർഭവിക്കുന്ന ഗ്രന്ഥം മാത്രമേ നൂതനവും സുഭഗവും ആയിരിക്കുകയുള്ളു. 'ഞാൻ കണ്ട യൂറോപ്പ്' ഒരു 'പുതിയ, നല്ല ഗദ്യകാവ്യ'മാകുന്നു.

മിസിസ് ദത്തയുടെ നേതൃത്വത്തിൽ വിദ്യാഭ്യാസപരമായ ലക്ഷ്യത്തോടുകൂടി പാശ്ചാത്യദേശസഞ്ചാരത്തിനു പോയിരുന്ന ഭാരതീയവനിതാസംഘത്തിലെ ഒരംഗമെന്നനിലയിൽ മിസിസ് കെ. നായർ പുറപ്പെട്ടപ്പോൾ, അതിന്റെ ഫലമായി നമ്മുടെ സാഹിത്യത്തിനു് ഇത്ര വിലയേറിയ ഒരുപഹാരം ലഭിക്കുമെന്നു് അധികം ആളുകൾ ആശിച്ചിന്നിരിക്കയില്ല. പരിമിതമായ പര്യടനകാലത്തിന്നിടയ്ക്കു്, സംസ്കൃതാശയയായ ഗ്രന്ഥകർത്രിയുടെ ഉന്മേഷശാലിനിയായ ജിജ്ഞാസ യൂറോപ്പിന്റെ ഹൃദയസ്പന്ദംതന്നെ ശ്രവിക്കുകയും ഹൃദയരക്തത്തിന്റെതന്നെ നിറവും ഗതിവേഗവും ഗ്രഹിക്കുകയും ചെയ്തിരിക്കുന്നു. 'ഗ്രീസിന്റെ പച്ചനിറത്തിലുള്ള മനോഹരമായ തീരപ്രദേശങ്ങളിൽ ആഹ്ലാദിക്കുകയും', 'മുസോലിനിയുടെ ഭരണത്തിൻകീഴിൽ തഴച്ചു വളരുന്ന രാജ്യത്തിന്റെ സമൃദ്ധി'യിൽ സന്തോഷിക്കുകയും', 'വിദൂരതയുടെ നീലിമയോടുകൂടി കെട്ടിപ്പിണയുന്ന' ആൽപ്സ് പർവ്വതശിഖരങ്ങളിൽ പറന്നുകയറുകയുംചെയ്യുന്ന ഭാവന, ചരിത്രപ്രസിദ്ധങ്ങളോ സമകാലികങ്ങളോ

ആയ സംഭവങ്ങളും അവയുടെ പരിതഃസ്ഥിതികളും അവയുമായി സംബന്ധിച്ചിരിക്കുന്ന ആളുകളും യഥാക്രമം മുമ്പിൽക്കൂടി കടന്നുപോകുമ്പോൾ, യഥോചിതം നൽകുന്ന സംഭാവന ആരുടെ ശ്രദ്ധയും അർഹിക്കുന്നതാണ്. അനലസയായ തൂലിക സ്വാമിനിയായ ഭാവനാശക്തിയുടെ ആജ്ഞ അനുസരിച്ച് എല്ലാവൎക്കും, എല്ലാത്തിനും, ആദരം, പരിഹാസം, സഹാനുഭൂതി, ധാൎമ്മികകോപം, നിശിതാവജ്ഞ മുതലായവ യഥാർഹം, സമ്മാനിച്ചിരിക്കുന്നു. അവിവൃതമെങ്കിലും സമുജ്ജ്വലമായ 'നൎമ്മബോധ'ത്തിന്റെ പിറകിൽ ഗ്രന്ഥാന്തരീക്ഷത്തിന്നു മുഴുവൻ ചൈതന്യവും ആഹ്ലാദജനകത്വവും ഉണ്ടാക്കിക്കൊണ്ട് അസങ്കുചിതമായ ദേശാഭിമാനവും അതിസ്വച്ഛമായ സമുദായസേവാകൌതുകവും സംഫുല്ലമായ ധൎമ്മബോധവും സമ്പൂൎണ്ണമായ വിമൎശനൈപുണ്യവും ഉള്ള ഒരു വ്യക്തി നിൽക്കുന്നുണ്ട്—ഉല്പതിഷ്ണുത്വം തികഞ്ഞ ഗ്രന്ഥകർത്രി. പ്രസ്തുത യാത്രാവിവരണത്തിന്റെ കലാപരമായ നിലക്കും സാംസ്കാരികമായ വിലക്കും ഉള്ള കാരണം അതാകുന്നു. വ്യക്തിവൈശിഷ്ട്യമുദ്രിതമായിരിക്കുന്ന ആശയവും പ്രതിപാദനവും. ജിജ്ഞാസുവായ വിദ്യാൎത്ഥിക്കുമാത്രമല്ല, സംസ്കാരേച്ഛുവായ ഏതു മലയാളിക്കും പ്രമോദത്തോടും പ്രയോജനത്തോടുംകൂടി വായിക്കാവുന്ന ഈ സൽഗ്രന്ഥത്തിന്നു ഞങ്ങൾ സൎവ്വവിജയവും ആശംസിക്കുന്നു.

പ്രാമാദികങ്ങളായ ചില പ്രയോഗങ്ങൾ 'ഞാൻ കണ്ട യൂറോപ്പി'ൽ ഇല്ലെന്നു പറഞ്ഞുകൂടെങ്കിലും ഭാഷ സാമാന്യമായിട്ട് സരളവും രീതി പ്രസന്നവുമാകുന്നു.

—ജി.

## ൨. നവ്യോപഹാരം

— ഗ്രന്ഥകൎത്താവ്: കുററിപ്പുറത്തു കേശവൻനായർ

പ്രസിദ്ധനായ കവിക്കു സാഭിമാനം സമൎപ്പിക്കുവാനും, പ്രസന്നയായ ഭാഷാദേവിക്കു സാഭിമാനം സ്വീകരിക്കുവാനും, ഉചിതമായ ഒരു കാവ്യസങ്കലനമാണ് 'നവ്യോപഹാരം'. സഹജമായ ശക്തിയും പരിണതമായ പാണ്ഡിത്യവും പരിപൂൎണ്ണമായ ലോകവിജ്ഞാനവും സമ്മേളിക്കുമ്പോൾ കവനകലക്കുണ്ടാകുന്ന അന്യാദൃശസൌന്ദൎയ്യത്തിന്ന് ഈ കൃതി ഉത്തമ നിദൎശനമാകുന്നു.

'ഭക്തഗീത'ത്തിൽ ആരംഭിച്ച് 'വിശ്വസൂക്തത്തിൽ' അവസാനിക്കുന്ന 'നവ്യോപഹാര'ത്തിൽ പതിനഞ്ചു കാവ്യശകലങ്ങളാണു സങ്കലനം ചെയ്തിരിക്കുന്നത്. വൃത്തവൈചിത്ര്യവും വിഷയവൈവിധ്യവും ഉള്ളതിനാൽ അനുവാചകന്റെ ആസ്വാദകൗതുകം ഒരിക്കലും അലസമായിത്തീരുന്നില്ല. കവിയെപ്പോലെതന്നെ, സ്നിഗ്ദ്ധഗംഭീരമായ ഭാഷയിലും രീതിയിലുമാണ് ഈ ഗ്രന്ഥത്തിൽ പ്രൗഢതാരുണ്യയായ കവനകല സംസാരിക്കുന്നത്. കുലീനതയ്ക്കു കുറവുണ്ടാക്കാത്ത ലളിതം സന്ദർഭസമുജ്ജ്വലമാകയാൽ ചിന്തയ്ക്കു സ്വാഭാവികത്വവും ഹൃദയംഗമത്വവും വർദ്ധിപ്പിക്കുന്നതേയുള്ളു.

'ഭക്തഗീത'ത്തിൽ ആശയത്തിന്റെ താളത്തിനനുസരിച്ച് ലയപൂർണ്ണങ്ങളായ പദങ്ങൾ നൃത്തം ചെയ്യുന്നതുപോലെ സഹൃദയനു തോന്നും:

"ശ്യാമേ! സ്വയം ലബ്ധകാമേ! രിപുവ്രാത-
ഭീമേ! ചിരം മാതൃഭൂമേ! ജയിച്ചാലും."

ഇത്യാദി സന്ദർഭങ്ങളിലെ പദവിന്യാസത്തിന്റെ ഔചിത്യവും വൈചിത്ര്യവും മാതൃഭൂവിഷയകമായ രതിയെ സമുദ്ദീപിപ്പിക്കുന്നതാകുന്നു.

ദുഃഖത്തിന്റെ അടിയൊഴുക്കോടുകൂടിയ ചില തത്വചിന്താഘട്ടങ്ങളിൽ ശാന്തഗംഭീരമായ ഗതി അംഗീകരിക്കുന്നതിനും 'നവ്യോപഹാര'കർത്താവിന്റെ തൂലിക നിപുണയാണ്.

"ഒരല്ലലില്ലെങ്കിലെനിക്കു കല്ലാ-
യിരിക്കുവാൻകൂടിയുമില്ല ദണ്ഡം;
മരിച്ചുപോം മർത്ത്യതയെന്തിനാണു
കരഞ്ഞിടാനും കരയിച്ചിടാനും"

"ആകമ്രമായ് ദുർഭഗമായ് പ്രമോദ-
ശോകങ്ങളാൽ ദന്തുരമായ് പ്രകാമം
നാകത്തിനൊപ്പം നരകം പകുന്ന
പാകത്തിലാകുന്നു മനുഷ്യലോകം."

ഇത്യാദി പദ്യങ്ങളിൽ കരുണമയമായ അഗാധചിന്തയുടെ അപാരതയിലുണ്ടാകുന്ന വേലിയേറ്റമാണ് പ്രത്യക്ഷമാകുന്നത്.

'എൻെറ വീണ', 'സിംബോളിസ'ത്തിൻെറ സുന്ദരകവചം അണിഞ്ഞ, ഹൃദ്യമധുരങ്ങളായ ആദ്ധ്യാത്മികചിന്തകളാൽ അത്യന്തം ആകർഷകമായിരിക്കുന്നു. സാന്ധ്യസൌന്ദര്യത്തിൻെറ നിരതിശയമനോഹാരിതയിൽ മയങ്ങി ആത്മശരീരത്തെത്തന്നെ— ആത്മപൃഥക്ത്വത്തെത്തന്നെ—വിസ്മരിച്ച്, വിശ്വൈക്യം പ്രാപിച്ച ഒരു അനുഗൃഹീതനായി അല്പസമയം കവി ആ കാവ്യശകലത്തിൽ പ്രത്യക്ഷനാകുന്നു. അദ്ദേഹം പിന്നെയും പൂർവ്വാവസ്ഥയിലെത്തുമ്പോൾ നേത്രഗോചരമാകുന്ന പ്രപഞ്ചത്തിൻെറ ചിത്രമാണ് ക്ഷണികമായിട്ടെങ്കിലും അനുഭവവേദ്യമായ നിർവൃതിയുടെ മാഹാത്മ്യം വിശദമാക്കുന്നത്;

'മുഗ്ദ്ധഗായികയില്ല-മ്മുഗ്ദ്ധഗാനവുമില്ലെൻ
ദഗ്ദ്ധമാം വീണയതിൻ—സ്ഥാനത്തുണ്ടിരിക്കുന്നു.'

'പുഞ്ചിരി', 'വർഷാരംഭം', 'ഇരുട്ടിലെ വെളിച്ചം' മുതലായ ഇതര വിശിഷ്ടകൃതികളും ചിന്തയുടേയും ഭാവനയുടേയും രചനയുടേയും അസാമാന്യസൌഭഗംകൊണ്ട് പ്രത്യേകം പ്രശംസനീയങ്ങളാണ്. 'നവ്യോപഹാര'കർത്താവിൻെറ അനുഗൃഹീതയായ തൂലിക ഇനിയും ഭാഷാദേവിയുടെ നെററിയിൽ തിലകം ചാർത്തുമെന്നു നമുക്കാശിക്കുക.

—ജി.

---

## ഒരു തിരുത്തൽ.

കൈരളിയുടെ മേടം-എടവം ലക്കത്തിൽ 'ചണ്ഡിദാസ്' എന്ന പേരിൽ ഒരേകാങ്കനാടകം പ്രസിദ്ധം ചെയ്തിരുന്നുവല്ലോ. അതിൽ 'വി. വി. ഉണ്ണി' എന്നു പേരു വെച്ചിരുന്നതു ശരിയല്ല. ലേഖനകർത്താവിൻെറ പേർ പൊറേറക്കാട്ട് അച്യുതമേനോൻ എന്നാണ്.

—കൈരളീപ്രസാധകൻ.